# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 സെപ്റ്റംബർ 14 | ദീപം 56 | നാളം 27 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# അമ്പിളിമുറ്റത്ത് സ്വപ്നസാക്ഷാത്കാരം

## ചന്ദ്രയാൻ 3 നു പിന്നാലെ ആദിത്യ എൽ 1 ബഹിരാകാശത്ത്





തോമസ് കുഴിഞ്ഞാലിൽ

മനുഷ്യദൃഷ്ടികൾക്കുമപ്പുറം കാണാമറയത്തായിരുന്ന ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ആദ്യമായെത്തിയ ചന്ദ്രയാൻ 3 ലെ റോവർ ചാന്ദ്രപര്യവേക്ഷണത്തിനു തുടക്കം കുറിച്ചു. കുഴികളും പാറക്കെട്ടുകളും വലിയ ഗർത്തങ്ങളുമുള്ള ചന്ദ്രോപരിതലത്തിലെ അറിയപ്പെടാത്ത രഹസ്യങ്ങൾ തേടി സാവകാശം നീങ്ങുന്ന പ്രഗ്യാൻ റോവർ ആദ്യദിവസംതന്നെ 8 മീറ്റർ ദൂരം സഞ്ചരിച്ചുവെന്ന് ഐ എസ് ആർ ഒ വൃത്തങ്ങൾ പുറത്തുവിട്ട വാർത്താക്കുറിപ്പിലൂടെ വെളിപ്പെടുത്തിയിരുന്നു.

ചന്ദ്രയാൻ 3 ന്റെ വിക്രം ലാൻഡർചന്ദ്രനിൽസ്പർശിച്ചതോടെ ബഹിരാകാശചരിത്രത്തിൽ ഇന്ത്യ സുവർണചരിത്രമെഴുതി. ഇന്ത്യൻ ജനതയും ശാസ്ത്രലോകവും അഭിമാനനിമിഷത്തിന്റെ അത്യാഹ്ലാദത്തിലാണ്.

മറ്റൊരു രാജ്യത്തിനും അവകാശപ്പെടാനാകാത്തനേട്ടംകൈവരിച്ച ഇന്ത്യൻശാസ്ത്രജ്ഞരെ അഭിനന്ദിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി ഇപ്രകാരം പറഞ്ഞു: "ഈ ചരിത്രവിജയത്തിനായികഠിനാദ്ധ്വാനംചെയ്ത നിങ്ങളെ ഞാൻ ഹൃദയപൂർവം അഭിവാദ്യം ചെയ്യുന്നു. ചന്ദ്രയാൻ 3 ന്റെ ചാന്ദ്രദൗത്യം വിജയിച്ച സമയത്ത് വിദേശത്തായിരുന്നെങ്കിലും എന്റെ മനസ്സ് ഇവിടെയായിരുന്നു. നമ്മുടെ രാജ്യത്തിന്റെ ഈ വിജയത്തിൽ നിങ്ങളോടൊപ്പം ഞാനും അഭിമാനിക്കുന്നു. ഇതൊരു സുവർണകാലഘട്ടത്തിന്റെ തുടക്കമാണ്. നമ്മൾ ഭൂമിയിൽ സങ്കല്പിച്ചു, ചന്ദ്രനിൽ യാഥാർഥ്യമാക്കി." ചന്ദ്രയാൻ 3 ന്റെ ലാൻഡർ ചന്ദ്രോപരിതലത്തിറങ്ങിയ ഓഗസ്റ്റ് 23 'ദേശീയ ബഹിരാകാശദിന'മായി മോദി പ്രഖ്യാപിച്ചു. ലാൻഡർ ചന്ദ്രനിൽ കാലുകുത്തിയ സ്ഥലം ഇനി മുതൽ 'ശിവശക്തി പോയിന്റ്' എന്നും ചന്ദ്രയാൻ 2 തകർന്നുവീണ സ്ഥലം 'തിരംഗ പോയിന്റ്' എന്നുമായിരിക്കും അറിയപ്പെടുകയെന്നും അദ്ദേഹം പറഞ്ഞു. ചന്ദ്രയാൻ 1 വീണ സ്ഥലത്തിന് 'ജവാഹർ പോയിന്റ്' എന്നും മോദി പേരു നൽകി.

**കാണാപ്പുറങ്ങൾ തേടിയുള്ള ജൈത്രയാത്ര**

ഓഗസ്റ്റ് 23-ാം തീയതി വൈകുന്നേരം 6.04 ന് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ കാലുകുത്തിയ ലാൻഡറിനെ, ചന്ദ്രന്റെ ഭ്രമണപഥത്തിൽ ഇപ്പോഴും തുടരുന്ന ചന്ദ്രയാൻ 2 ന്റെ ഓർബിറ്ററിലെ ഹൈ ഡെഫിനിഷൻ കാമറകൾ കണ്ടെത്തി. ലാൻഡറിന്റെ റാംപിലൂടെ റോവർ പുറത്തിറങ്ങി മുൻപോട്ടു നീങ്ങുന്നതിന്റെയും സോളാർ പാനൽ പ്രവർത്തിക്കുന്നതിന്റെയുംറോവറിന്റെ ചക്രങ്ങളിൽ പതിച്ച അശോകസ്തംഭം മണ്ണിൽ പതിയുന്നതിന്റെയും വീഡിയോചിത്രങ്ങൾ ഐഎസ്ആർഒ പുറത്തുവിട്ടു. റോവറിലുള്ള ആൽഫാ പാർട്ടിക്കിൾ, എക്സ്റേ സ്പെക്ട്രോമീറ്റർ, ലേസർ ഇൻഡ്യൂസ്ഡ് ബ്രേക്ക് ഡൗൺ സ്പെക്ട്രോസ്കോപ് എന്നീ പേലോഡുകളും (ശാസ്ത്രീയോപകരണങ്ങൾ) പ്രവർത്തിച്ചുതുടങ്ങി. വിവിധ പേലോഡുകൾ ശേഖരിക്കുന്ന വിവരങ്ങൾ ലഭിച്ചുതുടങ്ങിയതായി വിഎസ്എസ്‌സി (വിക്രം സാരാഭായ് സ്പേസ് സെന്റർ) ഡയറക്ടർ ഡോ എസ് ഉണ്ണിക്കൃഷ്ണൻ നായർ അറിയിച്ചു. ലാൻഡർ ഇറങ്ങിയ സ്ഥലത്ത് 10 സെന്റീമീറ്റർ ആഴത്തിൽ കുഴിച്ച് താപനിലയുടെ ഉയർച്ചതാഴ്ചകൾ പരിശോധിച്ചുതിട്ടപ്പെടുത്തിയതായും അദ്ദേഹം പറഞ്ഞു. തറനിരപ്പിലെ താപനില 55 ഡിഗ്രി സെൽഷ്യസാണെങ്കിൽ 2 സെന്റീമീറ്റർ താഴ്ത്തിയപ്പോൾ 40 ഡിഗ്രി സെൽഷ്യസായി താണു. എന്നാൽ, 7 സെന്റീമീറ്റർ കുഴിച്ചപ്പോൾ താപനില പൂജ്യമായി കുറഞ്ഞു. എട്ടു സെന്റീമീറ്ററിൽ മൈനസ് 10 ഡിഗ്രി സെൽഷ്യസായി.

ഭൂമിയിലേതുപോലുള്ള അന്തരീക്ഷം ഇല്ലാത്ത ചന്ദ്രോപരിതലത്തിലെ താപനില വളരെ പെട്ടെന്ന് ഉയരുകയും താഴുകയും ചെയ്യുന്നുണ്ടെന്നാണ് ഈ പഠനങ്ങൾ തെളിയിക്കുന്നതെന്ന് ഉണ്ണിക്കൃഷ്ണൻനായർ ചൂണ്ടിക്കാട്ടി. തിരുവനന്തപുരം വി എസ് എസ് സിയുടെ കീഴിലുള്ള സ്പേയ്സ് ഫിസിക്കൽ ലബോറട്ടറിയും അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയും ചേർന്നു തയ്യാറാക്കിയ 'ചന്ദ്രാസ് തെർമോ ഫിസിക്കൽ എക്സ്പെരിമെന്റാ'ണ് താപനില അളന്നു തിട്ടപ്പെടുത്തിയത്.

▶8

# ഇന്ത്യയുടെ ചന്ദ്രോത്സവം



ഡോ. റീന മാത്യു

54 വർഷംമുമ്പ് അമേരിക്കയുടെ നീൽ ആംസ്ട്രോങ്ങും എഡ്വിൻ ആൾഡ്രിനും ചരിത്രത്തിലാദ്യമായി ചന്ദ്രനിൽ കാൽകുത്തിയ കാഴ്ച ലോകമെമ്പാടുമുള്ള ദശലക്ഷത്തോളം ആളുകൾ ടിവിയിൽ ലൈവായി കണ്ടതിനെ ഓർമിപ്പിക്കുന്ന സമാനസാഹചര്യം ചന്ദ്രയാൻ 3 ലൂടെ ആവർത്തിക്കുകയായിരുന്നു. ലാൻഡിംഗ് ഘട്ടത്തിലെത്തിയപ്പോൾ മുതൽ തത്സമയം ഇസ്ട്രാക്കുമായി ചേർന്ന പ്രധാനമന്ത്രി തിങ്കൾക്കല ചൂടിയ ഇന്ത്യയെ അഭിസംബോധന ചെയ്തു പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. 'നമ്മൾ ഭൂമിയിൽ സ്വപ്നം കണ്ടു. ചന്ദ്രനിൽ യാഥാർഥ്യമാക്കി!'

സോവിയറ്റ് യൂണിയനും അമേരിക്കയ്ക്കും ചൈനയ്ക്കുംശേഷം സോഫ്റ്റ് ലാൻഡിംഗ് ചെയ്യുന്ന എം ലൈറ്റ് ഗ്രൂപ്പിലെ നാലാമനായും ദക്ഷിണധ്രുവത്തിൽ സ്പർശിക്കുന്ന ഒന്നാമനായും കരുത്തുറ്റ കാൽവയ്പു നടത്തി നമ്മുടെ കൊച്ചുരാജ്യം തലയുയർത്തി നില്ക്കുമ്പോൾ നാലു വർഷം മുമ്പുണ്ടായ ചന്ദ്രയാൻ രണ്ടിന്റെ വീഴ്ചയിൽനിന്നു പാഠം പഠിച്ച്, തിരിച്ചടികളെ അതിജീവിച്ച് പഴുതുകളെല്ലാം അടച്ച് അതീവജാഗ്രതയോടെയും ആത്മവിശ്വാസത്തോടെയും പിച്ച വച്ചുകയറി ഒരു തൂവൽപോലെ ഐഎസ്ആർഒ നേടിയെടുത്ത വിജയപൗർണമിയാണിതെന്നു മറക്കരുത്. ഇന്ത്യയ്ക്കൊപ്പം ദക്ഷിണധ്രുവം ലക്ഷ്യമിട്ട് 50 വർഷത്തെ ഇടവേളയ്ക്കുശേഷം ഓഗസ്റ്റ് 11 ന് റഷ്യ വിക്ഷേപിച്ച ലൂണ 25 പാതിവഴിയിൽ തകർന്നുവീണത് ഏതാനും ദിവസങ്ങൾ മുമ്പാണെന്നതും 1976 നുശേഷം ചൈന മാത്രമാണ് ചന്ദ്രനിൽ വിജയകരമായി ലാൻഡർ ഇറക്കിയതെന്നതും ഇന്ത്യയുടെ ചന്ദ്രോത്സവം എത്രയോ ദുഷ്കരമായ യജ്ഞമായിരുന്നുവെന്നു വ്യക്തമാക്കിത്തരുന്നു. നാലുവർഷങ്ങൾക്കുമുമ്പ് അവസാനനിമിഷം കൈവിട്ടുപോയ ചന്ദ്രയാൻ 2 എന്ന സ്വപ്നമാണ് ഇന്നു രാജ്യമൊട്ടാകെ കാത്തിരുന്ന 140 കോടി ജനങ്ങൾക്കു വിജയപൂർണിമയായി വെറും 625 കോടി രൂപയിൽ ഉദിച്ചുയർന്നത്. ലോകപ്രശസ്തമായ അവതാർ സിനിമയുടെ ആറിലൊന്നു മാത്രമാണ് ചന്ദ്രയാൻ-3 ന്റെ വിജയഗാഥയ്ക്കു ചെലവായതെന്നതും ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ ഇന്ത്യയെ തലയുയർത്തിനിറുത്തുന്നു.

പേടകം ലാൻഡു ചെയ്തപ്പോഴുണ്ടായ പൊടിപടലങ്ങൾ പൂർണമായും മാറി 4 മണിക്കൂറിനുശേഷം ചന്ദ്രയാന്റെ പണിയായുധമായ 6 ചക്രങ്ങളുള്ള പ്രഗ്യാൻ റോവർ റാംപ് തുറന്ന് സോളാർ പാനൽ നിവർത്തി സൂര്യപ്രകാശത്തിൽ ബാറ്ററി ചാർജു ചെയ്ത് സാവധാനം ഉരുണ്ടിറങ്ങിവന്ന് ചന്ദ്രമണ്ണിൽ ആദ്യചുവടുകൾ വച്ചപ്പോൾ പിന്നിലെ രണ്ടു ചക്രങ്ങളിൽ മുദ്രണം ചെയ്തിരുന്ന അശോകസ്തംഭവും, ഐഎസ്ആർഒ യുടെ ലോഗോയും ചന്ദ്രപ്രതലത്തിൽ ഇന്ത്യയുടെ മായാത്ത കീർത്തിമുദ്രകൾ പതിച്ചു.

▶8

# ഗുരുകൃപയുടെ വഴിത്താരകൾ



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

## സെപ്റ്റംബർ 5 – അധ്യാപകദിനം

'ഗുരു' എന്ന ഇത്തിരിപ്പോന്ന ഒരു ഇരട്ടാക്ഷരപ്പദം. പക്ഷേ, ഈ രണ്ട് അക്ഷരതീരങ്ങൾക്കിടയിൽ അനന്തമായ അറിവിന്റെയും ആദർശങ്ങളുടെയും അർഥങ്ങളുടെയും അന്തരാർഥങ്ങളുടെയും ആഴക്കടൽ! 'ഗുരു' എന്ന നാമത്തിനു നിർവചനങ്ങൾ ചികഞ്ഞെടുത്തു നിരത്തിവയ്ക്കാൻ നിരവധി ചിന്തകർ ഉദ്യമിച്ചു. 'ഗുരു'വിനെ വർണങ്ങളിൽ വരയ്ക്കാനും വാക്കുകളിൽ വിശേഷിപ്പിക്കാനും വളരെയേറെ കലാകാരന്മാരും കവികളും പരിശ്രമിച്ചു. അവരിൽ പലരെയും ലോകം അംഗീകരിച്ചു, ആദരിച്ചു. എന്നാൽ, അനുഭവങ്ങളുടെ നിറക്കൂട്ടുകൾ ചാലിച്ചെഴുതപ്പെടുന്ന ഗുരുചിത്രത്തിനാണ് എന്നും ചാരുതയേറെ.

മുഖ്യധാരാമതങ്ങളെല്ലാം തന്നെ ഗുരുരൂപത്തെ മഹത്ത്വവത്കരിക്കുന്നുണ്ട്. ഹൈന്ദവ പ്രബോധനങ്ങളിൽ അധ്യാപകർക്ക് സമുന്നതസ്ഥാനമാണുള്ളത്. 'ഗുരു' അല്ലെങ്കിൽ 'ആചാര്യ' എന്നു വിശേഷിപ്പിക്കപ്പെടുന്നയാൾ മഹത്ത്വം, ഉത്കൃഷ്ടത, ഉത്തരവാദിത്വം ആദിയായവയുടെ പ്രതീകമാണ്. അയാളുടെ പ്രധാനകർത്തവ്യം സ്വന്തം മാതൃകവഴി മറ്റുള്ളവരെ പഠിപ്പിക്കുക എന്നതാണ്. തൈത്തിരീയോപനിഷത്ത് ഗുരുവിനെ ദൈവത്തോടാണ് തുലനം ചെയ്യുന്നത്(1.11.2). ഇസ്ലാംമതപഠനങ്ങളിൽ അധ്യാപകർക്ക് അതീവപ്രാധാന്യമുണ്ട്. അറിവു പകർന്നുതരുന്നവരെ ആദരിക്കണം. ജ്ഞാനികളെ ദൈവം ഉന്നതപദവിയിലേക്ക് ഉയർത്തുന്നു (ഖുറാൻ 58:11). ബുദ്ധമതവിശ്വാസമനുസരിച്ച് അധ്യാപകർ പ്രമുഖരാണ്. കാരണം, അവർക്ക് നമ്മെ നമ്മുടെതന്നെ ഉൾജ്ഞാനത്തിലേക്കു നയിക്കാൻ കഴിയും. നമ്മുടെ മനസ്സിന്റെ സത്യമായ സ്വഭാവത്തെ വ്യക്തമായി കാട്ടിത്തരാൻ കഴിയുന്ന വ്യക്തിയാണ് ഗുരു. സിക്കുമതത്തിൽ ശ്രീ ഗുരുനാനാക് ദേവിന്റെ പ്രബോധനമനുസരിച്ച് ഗുരു എന്ന വാക്കിലെ 'ഗു' അന്ധകാരവും, 'രു' അന്ധകാരത്തെ അകറ്റുന്നയാളുമാണ്. നമ്മുടെ മനസ്സിനെ നിയന്ത്രിക്കാൻ നമുക്കൊരു ഗുരുവിനെ ആവശ്യമുണ്ട്.

ഗുരുവിനെക്കുറിച്ചുള്ള ക്രൈസ്തവദർശനങ്ങളിലേക്കു വരുമ്പോൾ 'ഗുരു' എന്ന് സ്വയം അവകാശപ്പെടാനുള്ള ചങ്കൂറ്റം കാട്ടിയവൻ ക്രിസ്തുമാത്രം. തന്നെ 'ഗുരു' എന്ന് ശിഷ്യർ സംബോധന ചെയ്യുന്നതിൽ തെല്ലും തെറ്റില്ലെന്നും, താൻ പരമാർഥത്തിൽ അവരുടെ ഗുരു ആണെന്നുമായിരുന്നു അവന്റെ പക്ഷം (യോഹ. 13:13). ഭൂമിയിലെ ഗുരുഭൂതരൊക്കെ പുസ്തകങ്ങൾ പഠിപ്പിക്കുന്നവരാണ്. എന്നാൽ, 'എന്നിൽ നിന്നു പഠിക്കുവിൻ' (മത്താ. 11:29) എന്നു പറയാൻ ക്രിസ്തു എന്ന പുസ്തകം മാത്രമേ മുതിർന്നുള്ളൂ. ഒരേ സമയം വാദ്യാരും വേദവുമായ (The Teacher and the text) ആ ഗുരുവാണ് അജ്ഞതയുടെയും അപരാധത്തിന്റെയും അന്ധത അകറ്റുന്ന അനശ്വരപ്രകാശം.

Teacher എന്ന ആംഗലേയ പദം വലിച്ചുനീട്ടുമ്പോൾ അതിലെ അക്ഷരങ്ങൾക്കിടയിൽ ഒളിച്ചിരിക്കുന്ന വാക്കുകളും അവയുടെ അർഥങ്ങളും എന്റെ ധ്യാനദൃഷ്ടി വായിച്ചെടുക്കുന്നത് ഇപ്രകാരമാണ്: 'The Easiest And Closest Horizon Ever Reached.' 'മനുഷ്യൻ എക്കാലവും എത്തിയിട്ടുള്ള ഏറ്റവും എളുപ്പമുള്ളതും സമീപസ്ഥവുമായ വിജ്ഞാനമണ്ഡലം' എന്ന വാച്യാർഥത്തിൽ ഗുരു എന്ന നിത്യവിസ്മയത്തിന്റെ സർവസാരവും സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. അറിവിന്റെ അങ്ങേയറ്റം അന്വേഷിക്കുന്നവനാണ് മനുഷ്യൻ. ആകാശസമം വിശാലമായ വിജ്ഞാനത്തിന്റെ സീമകളിലേക്ക് ആവുന്നത്ര പറന്നടുക്കാൻ അവന്റെ ജിജ്ഞാസയുടെ ചിറകുകൾ വെമ്പൽ കൊള്ളാറുണ്ട്. കാരണം, അറിവില്ലാത്തവർ ചവറാണ് എന്നൊരു ഉൾബോധ്യത്തിന്റെ ഉഗ്രബലം അവനെ അവിടേക്ക് വല്ലാതെ വലിച്ചടുപ്പിക്കുന്നു.

പരിജ്ഞാനത്തിന്റെ പൂർണത മനുഷ്യന് അപ്രാപ്യമാണ്. എല്ലാറ്റിനെപ്പറ്റിയും എല്ലാമറിയുന്നവരായി, സർവജ്ഞാനിയായ ദൈവമൊഴികെ ആരുമില്ല. പക്ഷേ, മനുഷ്യന് അവന്റെ ദൈവദത്തമായ സർഗശേഷികളുടെ സഹായത്തോടെ ഒരു പരിധിവരെ അറിവിലേക്ക് അടുക്കാൻ സാധിക്കും. അപ്രകാരം മനുഷ്യന് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ പറ്റുന്ന വിജ്ഞാനമണ്ഡലമാണ് അവന്റെ ഗുരു. ഗുരു ഒരു വ്യക്തിയോ പുസ്തകമോ വസ്തുവോ അനുഭവമോ അവബോധമോ ആകാം. ഒരു ഗുരുവിനെ സ്വന്തമാക്കാൻ നമുക്ക് കാര്യമായ ബുദ്ധിമുട്ടൊന്നുമില്ല. നാളിതുവരെയുള്ള നമ്മുടെ ജീവിതയാത്ര എത്രയോ ഗുരുകരങ്ങളുടെ പിന്തുണയോടും പ്രോത്സാഹനങ്ങളോടുംകൂടിയായിരുന്നു! അവരാരുംതന്നെ നമ്മുടെ വഴിയിൽ വിലങ്ങുതടികളാകുന്നില്ല. അപകർഷതയോ ആശങ്കയോ മുൻവിധികളോ കൂടാതെ, അവരെ സമീപിക്കാൻ ഇന്നും നമുക്ക് അനായാസം കഴിയും. പ്രയാസങ്ങളെ നിഷ്പ്രയാസങ്ങളും അഗ്രാഹ്യങ്ങളെ ഗ്രാഹ്യങ്ങളുമാക്കി മാറ്റുന്നവരാണവർ. അവരുടെ ശിക്ഷണങ്ങളും ഉപദേശങ്ങളും ഉദ്ബോധനങ്ങളും ശിരസ്സാവഹിച്ചാൽ അനുദിനപ്രതിസന്ധികളെ തരണം ചെയ്യാനും ജീവിതവഴി കൂടുതൽ സുഗമവും സുരക്ഷിതവുമാക്കാനും ആർക്കും കഴിയും.

മനുഷ്യന് ഏറ്റവും സമീപസ്ഥമായ വിജ്ഞാനമണ്ഡലമാണ് അവന്റെ ഗുരു. അധ്യാപകരോളം അടുത്തുള്ളവരായി വേറെ ആരാണുള്ളത്? ഒരു കൈദൂരമകലെ അവരുണ്ട്. എത്തിപ്പിടിച്ചാൽ മാത്രം മതി. അറിവുതേടി അകലങ്ങളിൽ അധികം അലയേണ്ട ആവശ്യമില്ല. അരികിലുള്ള അധ്യാപകരെ ആശ്രയിച്ചാൽ മാത്രം മതിയാകും. നാം ആദരിക്കുന്ന, ആത്മാവിൽ പൂജിക്കുന്ന അധ്യാപകരുടെ സാമീപ്യം എത്രയോ അനുഗൃഹീതമാണ്! അറിവിന്റെ കാണാപ്പുറങ്ങളിലേക്ക് നമ്മെ ചേർത്തുപിടിച്ചു നടത്തുന്ന ഗുരുവിന്റെ കാണാക്കരങ്ങളോളം അമൂല്യമായവ ഭൂമിയിൽ അധികമൊന്നുമില്ല. Horizon എന്ന ഇംഗ്ലീഷ് പദത്തിനു ചക്രവാളം എന്നതിലുപരി വിജ്ഞാനമണ്ഡലം എന്ന ഒരു അർഥമുണ്ടെന്ന് വലിയ വിസ്മയത്തോടെയാണ് ഞാൻ വായിച്ചത്. അതുകൊണ്ടുതന്നെ, ഗുരുവിനെ നമുക്ക് ഏറ്റവും അനായാസവും സമീപസ്ഥവുമായ വിജ്ഞാനമണ്ഡലം എന്നു വിശേഷിപ്പിക്കുന്നതിൽ അതിശയോക്തി അശേഷമില്ല. മനുഷ്യന് എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ള വിജ്ഞാനത്തിന്റെ അഗ്രമാണ് ഗുരു. അതിനപ്പുറത്തേക്കുള്ളത് അറിവിന്റെ അനന്തതയും പൂർണതയുമായ, സർവജ്ഞാനംതന്നെയായ ദൈവമാണ്.

'ഗുണം', 'രുചി' എന്നീ പദങ്ങളുടെ പ്രഥമാക്ഷരങ്ങൾ ചേർത്തെഴുതിയാൽ 'ഗുരു' ആകും. ഗുണം എന്നാൽ 'നന്മ' എന്നർഥം. അങ്ങനെയാകുമ്പോൾ 'ഗുരു' 'നന്മരുചി'യാണ്. തിന്മയുടെ കവർപ്പകറ്റുന്ന അറിവെന്ന നന്മമധുരം അർഥികൾ നുണഞ്ഞറിയുന്നത് അധ്യാപകരിൽനിന്നാണ്. അമൂല്യവും അക്ഷയവുമായ ഒരു നിധിയാണ് ഗുരു. എന്തുതന്നെയായിരുന്നാലും ഗുരുവിനെക്കാൾ ശ്രേഷ്ഠരാകാൻ ആർക്കും ആവില്ല. 'ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല' (മത്താ. 10:24) എന്നത് ക്രിസ്തുമൊഴി. ഓർക്കണം, വിജ്ഞാനത്തിന്റെ വെട്ടത്തിൽ ചരിക്കുമ്പോൾ പിന്നിട്ട വഴിദൂരത്ത് എവിടെയെങ്കിലും വച്ച് ഏതെങ്കിലും വിധത്തിൽ നിന്നെ സ്വാധീനിച്ച ഒരു ഗുരുരൂപത്തോട് നിന്റെ നിഴലിനു സമാനതയുണ്ടായിരിക്കും. അനുഗൃഹീതമായ ഈ അധ്യാപകദിനത്തിൽ വിശുദ്ധമായ ഗുരുസ്മരണകളാൽ മനം നിറയ്ക്കാം. അതുവഴി ഐശ്വര്യങ്ങൾക്കും ആശിസ്സുകൾക്കും അർഹരാകാം. പ്രപഞ്ചമൊട്ടാകെയുള്ള സുപരിചിതരും അപരിചിതരുമായ അസംഖ്യം ഗുരുചരണങ്ങളിൽ അറിവിനെയും അക്ഷരപ്പൂക്കളെയും പ്രണയിക്കുന്ന എന്റെ തൂലികാശലഭത്തിന്റെ ശതകോടി പ്രണാമം! ■



കവിത

ഡോ. ആർ. രവീന്ദ്രൻ നായർ

## ദേവതുല്യർ

വിദ്യയുദിക്കാത്ത കുഞ്ഞുന്നാളിൽ
വിദ്യാർഥിയായിക്കഴിഞ്ഞനാളിൽ
അധ്യാപകർതന്നെ ദേവതുല്യർ
സത്യത്തിലാരാധ്യദൈവദൂതർ!

നേരായ മാർഗങ്ങൾ നേരേകാട്ടി
നേർവഴി തന്നിലൂടാനയിപ്പോർ
പാരിന്റെ പാത തെളിച്ചു നമ്മെ
പാരിലെ ജീവിതം ധന്യമാക്കും!

ആരിലുംമീതേ നമിച്ചിടേണ്ടോർ
നേരായ സ്വന്തം ഗുരുക്കൾ തീർച്ച;
മാരിവില്ലെന്നപോൽ മായുകില്ലാ
നാരായവേരുതാൻ അധ്യാപകർ!

സ്നേഹത്തിൻ ചാറിൽ കുഴച്ചെടുത്ത
മോഹങ്ങളാർക്കും പ്രിയങ്കരം താൻ;
അത്തരം മോഹങ്ങൾ ഹൃത്തിൽ നിർത്താൻ
ചിത്തമൊരുക്കണം ബാല്യകാലേ!

വിത്തിട്ടു നന്നായ് പരിചരിച്ചാൽ
എത്തില്ലേ നാമെല്ലാം മാനം മുട്ടേ?
വിത്തുകൾ പാകുവോരാചാര്യന്മാർ
സത്തമന്മാരവർ ജീവിതത്തിൽ!

ഉത്തമന്മാരാം ഗുരുക്കന്മാരെ
എത്തിച്ചു നൽകണം ശൈശവത്തിൽ;
ഉത്തുംഗചിന്ത ഉദിച്ചിടുന്നോർ
എത്തിടുംനന്മതൻ പാരമ്യത്തിൽ!

ഓരോരോ ഹൃത്തിലുമോർമയില്ലേ
ആരാരു നിങ്ങളെ സ്വാധീനിച്ചോർ?
അത്തരക്കാരാം ഗുരുക്കന്മാരെ
ഇത്തവ്വിലോർക്കുവിൻ ഈദിനത്തിൽ!

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കർത്താവേ, ഞാൻ എന്നും അങ്ങയുടെ കാരുണ്യം പ്രകീർത്തിക്കും; എന്റെ അധരങ്ങൾ തലമുറകളോട് അങ്ങയുടെ വിശ്വസ്തത പ്രഘോഷിക്കും.
സങ്കീർത്തനങ്ങൾ 89:1

## എഡിറ്റോറിയൽ

# ഒറ്റത്തിരഞ്ഞെടുപ്പ് ജനാധിപത്യത്തിനു ഭൂഷണമോ?

**ഒ**റ്റത്തിരഞ്ഞെടുപ്പിനെച്ചൊല്ലിയുള്ള രാഷ്ട്രീയപ്പോര് ലോകസഭാതിരഞ്ഞെടുപ്പിനു മാസങ്ങൾമാത്രം ബാക്കിനിൽക്കെ രാജ്യമാകെ ചൂടുപിടിച്ചിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിലെ ഏറ്റവും വലിയ ജനാധിപത്യപ്രക്രിയയാണ് തിരഞ്ഞെടുപ്പ്. അതിന്റെ പൊതുസ്വഭാവവും പവിത്രതയും കാത്തുസൂക്ഷിക്കേണ്ടത് തിരഞ്ഞെടുപ്പുകമ്മീഷന്റെയും രാഷ്ട്രീയപാർട്ടികളുടെയും മാത്രമല്ല, ഇന്നാട്ടിലെ ഓരോ പൗരന്റെയും ഉത്തരവാദിത്വംകൂടിയാണ്. അതുകൊണ്ടുതന്നെ, ലോകസഭയിലേക്കും നിയമസഭകളിലേക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കും ഒരേസമയം തിരഞ്ഞെടുപ്പ് എന്ന രാഷ്ട്രീയ അജണ്ടയുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുമ്പോൾ വിശദമായ ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും നിയമജ്ഞരും പ്രതിപക്ഷപാർട്ടികളുമടക്കമുള്ളവർ മുതിരുന്നതു സ്വാഭാവികം; അതുണ്ടാവേണ്ടത് അനിവാര്യമാണുതാനും.

ഒരേസമയം തിരഞ്ഞെടുപ്പു നടത്തുന്നതിനാവശ്യമായ ശിപാർശകൾ നല്കാനും ഭരണഘടനാഭേദഗതികൾ നിർദേശിക്കാനും മുൻരാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ അധ്യക്ഷതയിൽ ഉന്നതസമിതിയെ സർക്കാർ നിയോഗിച്ചതോടെയാണ് രാഷ്ട്രീയപ്പോരിന് കളമൊരുങ്ങിയത്. അതേസമയം, ഇത്തരമൊരു സങ്കീർണമായ വിഷയം പഠിക്കുന്ന സമിതിയിൽ പ്രതിപക്ഷപാർട്ടിപ്രാതിനിധ്യത്തിനു മതിയായ പരിഗണന ലഭിച്ചില്ലെന്ന ആക്ഷേപം ശക്തമാണ്. രാജ്യസഭയിലെ നിലവിലുള്ള പ്രതിപക്ഷനേതാവ് മല്ലികാർജുൻ ഖാർഗെയെ സമിതിയിൽ ഉൾപ്പെടുത്താതെ, കോൺഗ്രസിൽനിന്നു പിണങ്ങിപ്പിരിഞ്ഞുപോയ രാജ്യസഭയിലെ മുൻപ്രതിപക്ഷനേതാവ് ഗുലാം നബി ആസാദിനെ അംഗമാക്കിയത് കോൺഗ്രസിനെ ചൊടിപ്പിച്ചു. കോൺഗ്രസിന്റെ ലോകസഭാകക്ഷിനേതാവ് അധീർ രഞ്ജൻ ചൗധരി സമിതിയിൽ അംഗമാകില്ലെന്നറിയിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രിക്കു കത്തയയ്ക്കുകയും ചെയ്തു. ഒരു രാജ്യം, ഒറ്റത്തിരഞ്ഞെടുപ്പുനീക്കത്തെച്ചൊല്ലിയുള്ള രാഷ്ട്രീയയുദ്ധത്തിൽ അതിന്റെ ലക്ഷ്യവും രാഷ്ട്രീയവും ഉന്നതസമിതിയുടെ ഘടനയും തുടങ്ങിയ വിഷയങ്ങളിൽ പ്രതിപക്ഷകക്ഷികൾ രൂക്ഷവിമർശനത്തിലാണ്.

ഇന്ത്യയിൽ ഒറ്റത്തിരഞ്ഞെടുപ്പ് എന്നതു പുതിയ ഒരാശയമല്ല. 1952 മുതൽ 1967 വരെ നാലുതവണ രാജ്യത്ത് സംയുക്തതിരഞ്ഞെടുപ്പുണ്ടായിട്ടുണ്ട്. 1972 ഓടെയാണ് ഒരുമിച്ചുള്ള തിരഞ്ഞെടുപ്പുകൾ അവസാനിച്ചത്. പ്രത്യേകരാഷ്ട്രീയസാഹചര്യങ്ങളുടെ സമ്മർദത്താലാണ് അന്ന് അപ്രകാരം നടന്നത്. 1983 ൽ തിരഞ്ഞെടുപ്പ് ഏകീകരണം എന്ന ആശയം വീണ്ടും ഉയർന്നുവന്നു. അന്ന് അതിനു മുൻകൈയെടുത്തത് തിരഞ്ഞെടുപ്പുകമ്മീഷനായിരുന്നു. 1999 ൽ കമ്മീഷൻ ഇതേ ആശയം വീണ്ടും മുന്നോട്ടുവച്ചു. വികസനത്തിനു പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ട് ഓരോ മാസവും രാജ്യത്തെവിടെയെങ്കിലും തിരഞ്ഞെടുപ്പു നടക്കുന്നുണ്ടെന്നും എന്തിന് നാം ഇത്രയധികം വിഭവവും സമയവും നഷ്ടപ്പെടുത്തണമെന്നും ചോദിച്ച് ഒറ്റത്തിരഞ്ഞെടുപ്പിന്റെ അനിവാര്യതയെക്കുറിച്ച് 2016 ലും പിന്നീട് 2020 നവംബർ 26 ന് ഭരണഘടനാദിനത്തിലും നരേന്ദ്ര മോദി നിലപാടു വ്യക്തമാക്കി. ഭരണനേതൃത്വവും ഉദ്യോഗസ്ഥരും ഇടക്കാലതിരഞ്ഞെടുപ്പുജോലികളിൽ മുഴുകുന്നതുകൊണ്ട് വികസനമുരടിപ്പുണ്ടാകുന്നു. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കു താളംതെറ്റുന്നു. കള്ളപ്പണവും ധൂർത്തും അഴിമതിയും ഒരുപരിധിവരെയെങ്കിലും നിയന്ത്രിക്കാൻ തിരഞ്ഞെടുപ്പുകളുടെ ഏകീകരണം കാരണമാകുമെന്നാണു വിലയിരുത്തൽ.

തിരഞ്ഞെടുപ്പുകൾ പൊതുഖജനാവിനുണ്ടാക്കുന്ന സാമ്പത്തികബാധ്യത കുറയ്ക്കാനാവുമെന്നത് പകൽപോലെ വ്യക്തമാണ്. 2014 ലെ ലോകസഭാതിരഞ്ഞെടുപ്പിന് സർക്കാർവക ചെലവ് 3426 കോടിയായിരുന്നു. ഇത് 2009 ൽ 1483 കോടിയും 1951-52 ൽ 10.45 കോടിയുമായിരുന്നു. 2019 ലെ ലോകസഭാതിരഞ്ഞെടുപ്പിലെ ഇലക്ഷൻകമ്മീഷന്റെ ചെലവുകളും സ്ഥാനാർത്ഥികളുടെ പ്രചാരണച്ചെലവുകളുംകൂടി മൊത്തം 60,000 കോടി രൂപ വന്നതായാണു കണക്ക്. ദാരിദ്ര്യോച്ചാടനംപോലെയുള്ള അടിസ്ഥാന വികസനവിഷയങ്ങളിൽ പരിഹരിക്കാനാവാത്തവിധം പ്രതിസന്ധി നേരിടുന്ന ഒരു രാജ്യത്താണ് കോടികൾ ചെലവാക്കി തുടരെത്തുടരെയുള്ള തിരഞ്ഞെടുപ്പുമാമാങ്കങ്ങൾ അരങ്ങേറുന്നത് എന്നതും വിലയിരുത്തേണ്ടിയിരിക്കുന്നു.

മുകളിൽപ്പറഞ്ഞതൊക്കെ പ്രസക്തമാകുമ്പോഴും, ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തീർപ്പുകല്പിക്കേണ്ടതാണോ ജനാധിപത്യപ്രക്രിയ എന്നതാണ് ഏറ്റവും മൗലികമായ ചോദ്യം. തിരഞ്ഞെടുപ്പുചെലവ് ജനാധിപത്യസംവിധാനത്തെ നിലനിറുത്താൻ സമൂഹത്തിനു നൽകേണ്ടിവരുന്ന വിലയാണ്. അതൊരു അനാവശ്യച്ചെലവായി ഉയർത്തിക്കാട്ടേണ്ടതുണ്ടോ എന്നു ചോദിക്കുമ്പോഴും തിരഞ്ഞെടുപ്പിന്റെ മറവിലുണ്ടാകുന്ന അമിതച്ചെലവുകളെയും അഴിമതിരാഷ്ട്രീയത്തെയും ഒട്ടും ന്യായീകരിക്കാനുമാവില്ല.

തിരഞ്ഞെടുപ്പ് ഏകീകരണമുണ്ടാകുമ്പോൾ ജനങ്ങളുടെ വോട്ടധികാരത്തിന് അഞ്ചുവർഷത്തിലൊരിക്കൽ ഒരവസരമേ ഉണ്ടാകൂ എന്നത് വലിയൊരു പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. മാത്രമല്ല, പാർലമെന്റുതിരഞ്ഞെടുപ്പിലെയും സംസ്ഥാനതിരഞ്ഞെടുപ്പുകളിലെയും വിഷയവൈവിധ്യങ്ങളും അജണ്ടകളും അസ്ഥാനത്താകും. പ്രാദേശികവിഷയങ്ങൾ ചർച്ച ചെയ്യപ്പെടാതെ പോകും. തദ്ദേശീയാഭിമുഖ്യങ്ങളും താഴെത്തട്ടിലുള്ള ജനവികാരങ്ങളും പരിഗണിക്കപ്പെടാതെ വരും. ഇതുവഴി അധികാരവികേന്ദ്രീകരണം എന്ന പഞ്ചായത്തുരാജ് സംവിധാനം അപ്രസക്തമാകുമെന്നുള്ള അപകടവുമുണ്ട്.

ഒറ്റത്തിരഞ്ഞെടുപ്പിലൂടെ രാജ്യത്തെ ജനാധിപത്യസ്വഭാവവും ഫെഡറലിസവും തകരാറിലാവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ലോക്സഭാനിയമസഭാതിരഞ്ഞെടുപ്പുകൾ തമ്മിൽ ഏതാനും മാസങ്ങളുടെ വ്യത്യാസമേ ഉള്ളൂവെങ്കിൽ ഏകീകരണം നല്ലതാണ്; അല്ലെങ്കിൽ അതു ജനഹിതത്തിനെതിരാണ്. അധികാരകേന്ദ്രീകരണം അരാജകത്വത്തിലേക്കു നയിക്കുമെന്നുറപ്പാണ്. തിരഞ്ഞെടുപ്പ് ഒന്നിച്ചോ പലതായോ നടത്തിയാലും, രാജ്യത്തിന്റെ വിശാലതാത്പര്യങ്ങൾ സംരക്ഷിക്കാനും ഫെഡറൽ സംവിധാനം നിലനിറുത്താനും പൗരസമൂഹമൊന്നാകെ പ്രതിജ്ഞാബദ്ധരാകണം. ഭരണത്തലപ്പത്തുള്ളവർക്കുമുതൽ സാധാരണ വോട്ടർമാർക്കുവരെ ആ തിരിച്ചറിവും വിവേകവും അതിജാഗ്രതയും ഉണ്ടാവണം.

# ദീപനാളം മെഗാസാഹിത്യക്വിസ് സാഹിത്യാസ്വാദകർക്ക് നവ്യാനുഭവമായി



*ദീപനാളം സംഘടിപ്പിച്ച മെഗാ സാഹിത്യക്വിസ്മത്സരം പാലാ അൽഫോൻസാ കോളജിൽ നിഷ ജോസ് കെ.മാണി ഉദ്ഘാടനം ചെയ്യുന്നു. ജോയി മുത്തോലി, ഫാ. ഡോ. മാത്യു പുന്നത്താനത്തുകുന്നേൽ, ഡോ. ജോബിൻ എസ്. കൊട്ടാരം, ഫാ. കുര്യൻ തടത്തിൽ, പ്രഫ. സിജു ജോസഫ്, ബ്രദർ റിജു തുളുവനാനിക്കൽ, ജോജോ ജോസഫ് തുടങ്ങിയവർ സമീപം.*

പാലാ: സാഹിത്യാഭിരുചിയുള്ളവരെ വളർത്തുന്നതിന്റെയും പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മെഗാസാഹിത്യക്വിസ്മത്സരം ഓഗസ്റ്റ് 31 ന് പാലാ അൽഫോൻസാ കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി എൺപതിലധികം ടീമുകൾ ആവേശോജ്ജ്വലമായ മത്സരത്തിൽ പങ്കെടുത്തു.

അരനൂറ്റാണ്ടിലേറെയായി പാലായുടെ മണ്ണിൽ ജ്വലിച്ചുനിൽക്കുന്ന ദീപനാളം കലയ്ക്കും സാഹിത്യത്തിനുമായി ചെയ്തുവരുന്ന സേവനങ്ങൾ മഹത്തരമാണെന്നും അനേകരെ ആകർഷിക്കാൻ ദീപനാളത്തിന്റെ സംരംഭങ്ങൾ സഹായകമായിട്ടുണ്ടെന്നും മത്സരം ഉദ്ഘാടനം ചെയ്ത പ്രമുഖ സാമൂഹികപ്രവർത്തക നിഷ ജോസ് കെ.മാണി പറഞ്ഞു.

ദീപനാളം ഡയറക്ടറും ചീഫ് എഡിറ്ററുമായ ഫാ. കുര്യൻ തടത്തിൽ ആമുഖപ്രഭാഷണം നടത്തി. അൽഫോൻസാ കോളജ് പ്രിൻസിപ്പൽ ഫാ. ഡോ. മാത്യു പുന്നത്താനത്തുകുന്നേൽ, സെന്റ് തോമസ് കോളജ് പ്രഫസർ സിജു ജോസഫ്, ക്വിസ് മാസ്റ്റർ ഡോ. ജോബിൻ എസ്. കൊട്ടാരം, ജോയി മുത്തോലി എന്നിവർ പ്രസംഗിച്ചു.

വിജയികൾ 15000, 10000, 5000, 3000, 2000 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിലിൽനിന്ന് ഏറ്റുവാങ്ങി. നേരത്തേ നടത്തിയ ദീപനാളം കാവ്യോത്സവമത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നിഷ ജോസ്. കെ. മാണി സമ്മാനിച്ചു.

പരിപാടികൾക്ക് ബ്രദർ റിജു തുളവനാനിക്കൽ, ജോർജ് കെ.എം, ജോഷി ജെ.യു, മാത്യു ഇ.എസ്, ജോണി തോമസ് മണിമല, ജോജോ ജോസഫ്, ബിനു സുതൻ, പ്രിൻസ് സെബാസ്റ്റ്യൻ, സാഗര എസ്. എന്നിവർ നേതൃത്വം നൽകി.




സമാൻ എസ്. ഖാൻ (തിരുവനന്തപുരം) & ശരത് വി.ആർ. (കൊല്ലം)
**ഒന്നാം സ്ഥാനം**




ബിനീഷ അബുബക്കർ (തൊടുപുഴ) & കാവ്യ മഹേഷ് (ചേർത്തല) **രണ്ടാം സ്ഥാനം**




രഞ്ജിത്ത് വെള്ളല്ലൂർ (കിളിമാനൂർ) & ശാന്തകുമാർ എസ്. (ചിറയിൻകീഴ്) **മൂന്നാം സ്ഥാനം**




ജിൻസ്മോൻ ജെയിംസ് (മുണ്ടക്കയം) & റ്റോം ജോസ് (അരുവിത്തുറ) **നാലാം സ്ഥാനം**




ഹാരിസ് എ. (തിരുവനന്തപുരം) & റ്റെസിൻ സൈമൺ (അടൂർ)
**അഞ്ചാം സ്ഥാനം**



കഥ

# ഡെയ്സി

ജോർജ് നെയ്യശ്ശേരി

ഇന്നു ഞങ്ങളുടെ പൂർവവിദ്യാർഥിസംഗമമാണ്. അരനൂറ്റാണ്ടുമുമ്പാണ് ഞങ്ങൾ എസ്.എസ്.എൽ.സി. കഴിഞ്ഞ് ഈ വിദ്യാലയത്തോടു വിടപറഞ്ഞത്.

ഇതിനുമുമ്പ് ഞങ്ങളാരും ഇങ്ങനെയൊരു സംഗമത്തെക്കുറിച്ചു ചിന്തിച്ചില്ല. ജോലിത്തിരക്കിൽ അതേക്കുറിച്ചു ചിന്തിക്കാൻ സമയം കിട്ടിയില്ല എന്നതാണു സത്യം. അതുകൊണ്ടാണ് സിൽവർ ജൂബിലി ആഘോഷിക്കാതെ ഗോൾഡൺജൂബിലി ആഘോഷിക്കുന്നത്.

ഇപ്പോൾ ഞങ്ങൾക്കെല്ലാവർക്കും അറുപത്തഞ്ചു കഴിഞ്ഞതുകൊണ്ട് പറയത്തക്കജോലിയൊന്നുമില്ല. അപ്പോൾ ഒന്നോ രണ്ടോ സംഗമം വയ്ക്കാം.

അന്നു ഞാനായിരുന്നു സ്കൂൾ ലീഡർ. അതുകൊണ്ട് ഞാൻതന്നെ സംഗമത്തിനു മുൻകൈ എടുത്തു.

സായാഹ്നത്തിൽനിന്നും അസ്തമയത്തിലേക്കു ദൂരം കുറവാണ്. മരണത്തിന്റെ കാലൊച്ച അടുത്തുവരുന്നതിനുമുമ്പ് ഒരിക്കൽക്കൂടി ഡെയ്സിയെ കാണാൻ മോഹം.

ഞങ്ങളുടെ ക്ലാസിൽ മുപ്പത്തെട്ടുപേരായിരുന്നു. നാലുപേർ ഈ ലോകത്തോടു വിടപറഞ്ഞു. ശേഷിക്കുന്ന മുപ്പത്തിനാലുപേരും ലോകത്തിന്റെ പല ഭാഗത്താണ്.

ഇരുപത്തെട്ടു പേരുടെ ഫോൺനമ്പർ കിട്ടി. ശേഷിക്കുന്ന പതിന്നാലുപേരെക്കുറിച്ച് ഒരെത്തും പിടിയുമില്ല.

ഞങ്ങളിൽ വ്യാപാരി വ്യവസായികളും കൃഷിക്കാരും റിട്ട. ഉദ്യോഗസ്ഥരും വീട്ടമ്മമാരും ഉണ്ട്.

''രണ്ടുമാസം കൂടിയുണ്ട് ഓഗസ്റ്റ് ഇരുപത്തെട്ടിന്. മുൻകൂട്ടി വിളിക്കുന്നത് എങ്ങനെയും എത്തണമെന്നു പറയാനാ."

"ഇപ്പോ പൂർവവിദ്യാർഥിസംഗമം ഒളിച്ചോടൽവേദിയായി മാറിയിട്ടുണ്ട്. വല്ല പ്ലാനുമുണ്ടോ?"

ചിരിയുടെ അകമ്പടിയോടെ ജയകൃഷ്ണൻ ചോദിച്ചു.

''ഒണ്ടല്ലോ. അന്നു മൊട്ടിട്ട പ്രണയം അൻപതുവർഷം കഴിഞ്ഞും പുഷ്പിക്കാം. ഒന്നു പോ ഇഷ്ടാ. ഈ പ്രായത്തിൽ ഒളിക്കാതെയും ഓടാതെയും പോകാം. ഒരു ശല്യം ഒഴിഞ്ഞുപോയതായേ മക്കളും ഭാര്യയും കരുതൂ."

ഇരുവരും ചിരിച്ചു.

''അതെല്ലാം പോട്ടെ. ഡെയ്സി വരുമോ?"

എല്ലാവരും ആ ചോദ്യം ചോദിച്ചു.

അൻപതുവർഷം കഴിഞ്ഞും ഡെയ്സി അവരുടെ ഹൃദയത്തിൽ ജീവിക്കുന്നത് അദ്ഭുതമായി തോന്നിയില്ല. അതായിരുന്നു ഡെയ്സി. ഞങ്ങളുടെ കിലുക്കാംപെട്ടിയും ചിരിക്കുടുക്കയും.

ഡെയ്സിയെക്കുറിച്ചു സ്കൂൾ പഠനശേഷം ഒന്നും അറിയില്ല. അവർ ദൂരെയുള്ള കോളജിൽ ഹോസ്റ്റലിൽനിന്നാണ് പഠിക്കുന്നതെന്നുമാത്രം അറിഞ്ഞിരുന്നു.

സ്കൂളിൽനിന്നു രണ്ടുകിലോമീറ്റർ അകലെയായിരുന്നു തന്റെ വീട്. സ്കൂളിൽനിന്നു വരുന്നതും പോകുന്നതും നാൽവർ സംഘം ഒരുമിച്ചാണ്. വിലാസിനി, ഡെയ്സി, ജോർജ്, പിന്നെ ഞാനും. നാലുപേരും ഒന്നാംക്ലാസുമുതൽ പത്താംക്ലാസ്‌വരെ ഒരേ ക്ലാസിൽ.

പരസ്പരം കളിയാക്കിയും തമാശകൾ പങ്കിട്ടും ഇണങ്ങിയും പിണങ്ങിയും പത്തുവർഷങ്ങൾ.

പാടവരമ്പുകളും കൈത്തോടും മുറിച്ചുകടന്ന് കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെ സ്കൂളിലെത്തുന്നത് അറിയുകയേയില്ല.

പത്താംക്ലാസിൽ പഠിക്കുമ്പോൾ ഞാൻ സ്കൂൾ ലീഡറായി. ഡെയ്സി ജനറൽ സെക്രട്ടറി. ഡെയ്സി നന്നായി പാടും പ്രസംഗിക്കും. കെ.സി.എസ്.എലിന്റെയും ഡി.സി.എലിന്റെയും ക്യാമ്പുകളിലേക്ക് ഒരുമിച്ചുള്ള യാത്ര.

പേരറിയാത്തൊരു സന്തോഷം മനസ്സിൽവന്നു നിറയുമായിരുന്നു ഡെയ്സിയെ കാണുമ്പോഴും സംസാരിക്കുമ്പോഴും. എന്നും സ്കൂളിലേക്കു പോരുന്നതിനുമുമ്പായി കണ്ണാടിയിൽ നോക്കുമായിരുന്നു. "ഏയ് നീയൊന്നും ഡെയ്സിക്കു ചേരില്ല. നിന്നെക്കാൾ സൗന്ദര്യവും സമ്പത്തും ഉള്ള ആളെ ഡെയ്സിക്കു കിട്ടും."

കണ്ണാടിയിലെ പ്രതിബിംബം എന്നോടു പറഞ്ഞു. ഞാനതു വേദനയോടെ അംഗീകരിച്ചു. എന്റെ കണ്ണുകളിൽനിന്ന് കണ്ണീർത്തുള്ളികൾ അടർന്ന് കണ്ണാടിയിലെ പ്രതിബിംബത്തിൽ പതിച്ചു.

ഡെയ്സിയുടെ ഫോൺ നമ്പർ ലഭിക്കാനായി ഞാൻ അവളുടെ കസിൻ ഗ്രേസിറ്റീച്ചറെ വിളിച്ചു.

"ഡെയ്സിക്കു മൊബൈലൊന്നുമില്ല സാറേ. ഞാനവളെ കണ്ടിട്ടു കുറെ വർഷങ്ങളായി. ഇന്നത്തെക്കാലത്ത് മൊബൈലില്ലാത്ത ആരെങ്കിലുമുണ്ടോ? അവൾ സ്വാതന്ത്ര്യത്തോടെയാണോ ജീവിക്കുന്നതെന്ന് ആ ഒരു കാര്യംകൊണ്ടുതന്നെ മനസ്സിലാകുമല്ലോ."

"ബി.എഡ്. കഴിഞ്ഞതേ അവളുടെ കല്യാണം കഴിഞ്ഞു. സമ്പത്തും ജോലിയും മാത്രമേ പേരപ്പൻ യോഗ്യതയായി നോക്കിയുള്ളൂ. അധ്യാപികയായി ജോലി നോക്കണമെന്ന ആഗ്രഹംകൊണ്ടാ അവൾ ബി.എഡിനു പോയത്. പക്ഷേ, കെട്ടിയവൻ അവളെ പുറത്തിറക്കിയിട്ടു വേണ്ടേ. സ്വന്തം വീട്ടിൽപ്പോലും അവൾ വരാറില്ല. അങ്ങനെയുള്ള അവളെ സംഗമത്തിനൊന്നും വിടുമെന്ന് എനിക്കു തോന്നുന്നില്ല. പുള്ളിക്കാരന്റെ നമ്പർ ഞാൻ തരാം. സാറൊന്നു വിളിച്ചു നോക്ക്."

എന്റെ മനസ്സിന് തളർച്ചയനുഭവപ്പെട്ടു. അയാളെ വിളിക്കുമ്പോൾ എന്തായിരിക്കും പ്രതികരണം? രണ്ടുംകല്പിച്ച് ഞാൻ അയാളെ വിളിച്ചു.

"സാർ, ഞാൻ കൊടുവേലിയിൽനിന്നു വിളിക്കുകയാ. ഞങ്ങളുടെ എസ്.എസ്.എൽ.സി. ബാച്ചിന്റെ ഗോൾഡൻ ജൂബിലിയാ ഓഗസ്റ്റ് ഇരുപത്തിയെട്ടിന്. അതിനു ഡെയ്സിയെ ക്ഷണിക്കാനാ വിളിച്ചത്."

ഞാൻ ഒറ്റശ്വാസത്തിൽ പറഞ്ഞു.

"എത്രമണിക്കാ?'' അയാൾ ചോദിച്ചു.

''പതിനൊന്നു മണിക്കാ സാർ."

"ശരി. ഞാൻ ഡെയ്സിയോടു പറഞ്ഞേക്കാം.'

അയാൾ ഫോൺ വച്ചു.

ഞാൻ ആശ്വാസമുതിർത്തു. ഏതായാലും ചാടിക്കടിച്ചൊന്നുമില്ലല്ലോ.



അവൾ വരുമോ? അയാൾ അവളെ വിടുമോ? അന്നുമുതൽ എനിക്കതു മാത്രമായിരുന്നു ചിന്ത.

ഓഗസ്റ്റ് ഇരുപത്തെട്ട്.

അന്നു നല്ല തെളിഞ്ഞ പ്രഭാതമായിരുന്നു. പത്തുമണിയായപ്പോൾ ഞാൻ സ്കൂളിലെത്തി. മാനേജരോടു മുൻകൂട്ടി കാര്യങ്ങൾ പറഞ്ഞിരുന്നതുകൊണ്ട് പ്യൂൺവന്ന് ക്ലാസ്മുറി തുറന്നു തന്നു.

ഓർമകൾ ഓടിക്കളിക്കുന്ന ക്ലാസ്മുറിയിൽ കാലെടുത്തു വച്ചപ്പോൾ എന്നിൽനിന്നൊരു ദീർഘനിശ്വാസം പുറത്തേക്കു വന്നു.

അമ്പതുവർഷംമുമ്പു പഠിച്ച അതേ ക്ലാസ് മുറി. പഴയ ബഞ്ചും ഡെസ്കുമെല്ലാം മാറ്റി ക്ലാസ്മുറി ഹൈടെക് ആക്കിയിരിക്കുന്നു. ചെയറും ടേബിളും പ്ളാറ്റ് ഫോമും മൈക്കും ഫാനുമെല്ലാം ഉണ്ട്.

ഞാൻ വെറുതെ ഒരു ചെയറിൽ ഇരുന്നു. ഡെയ്സി വരാതിരിക്കുമോ? വന്നില്ലെങ്കിൽ ഇനിയൊരിക്കലും തമ്മിൽ കാണാൻ സാധിക്കില്ല എന്ന ചിന്ത എന്നെ മഥിച്ചുകൊണ്ടിരുന്നു.

കേറ്ററിങ് ടീം വന്ന് ഒരു ടേബിളിൽ സോഫ്റ്റ് ഡ്രിങ്ക്സ് നിരത്തി.

ഓണാവധി ആയതുകൊണ്ട് സ്കൂളും പരിസരവും കനത്ത നിശ്ശബ്ദതയിലാണ്.

ഞങ്ങളുടെ അധ്യാപകരിൽ മൂന്നുപേർ മാത്രമേ ജീവിച്ചിരിപ്പുള്ളൂ. അവരാണെങ്കിൽ ശാരീരികാസ്വാസ്ഥ്യം ഉള്ളവരും.

പത്തര കഴിഞ്ഞപ്പോൾ കാറുകളും മോട്ടോർ ബൈക്കുകളും സ്കൂട്ടറുകളും സ്കൂൾ ഗേറ്റ് കടന്നുവന്നു.

പാന്റ്സിട്ടവരും മുണ്ടുടുത്തവരും സാരിയുടുത്തവരും ചുരിദാറിട്ടവരും ക്ലാസ് മുറിയിലേക്കു വന്നു.

ഡൈ ചെയ്തവരും ചെയ്യാത്തവരും. പഴയ ക്ലാസ്മുറിക്കു ജീവൻ വച്ചു.

ഞങ്ങളിൽ ചിലർ ഇടയ്ക്കിടെ കാണുകയും സൗഹൃദം പുതുക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് എല്ലാവരും അപരിചിതത്വത്തിന്റെ മൂടുപടത്തിനുള്ളിലായിരുന്നില്ല.

അൻപതു വർഷത്തിനിടയിൽ ഒരിക്കൽപ്പോലും തമ്മിൽ കാണാത്തവർ തപ്പിത്തടഞ്ഞു. ചിലർ തമ്മിൽ തിരിച്ചറിയാൻ പാടുപെട്ടു. പേരുപോലും മറന്നു പോയവർ.

"നീ ബാലകൃഷ്ണനല്ലേ."

"അല്ല ഞാൻ കൃഷ്ണകുമാറാ."

ക്ലാസിൽ കൂട്ടച്ചിരി മുഴങ്ങി.

"നീ ലളിതയാ... എന്നെ പറ്റിക്കാൻ നോക്കണ്ട."

''പിന്നെ നിനക്കു നന്നായി അറിയാം. ഞാൻ ഗ്രേസിയാ ഡൈ ചെയ്തിട്ടില്ലെന്നേ ഉള്ളൂ."

പൊട്ടിച്ചിരികൾക്കിടയിൽ സോഫ്റ്റ് ഡ്രിങ്ക്സ് എടുത്ത് ഓരോരുത്തരും കുടിച്ചു. പതിനൊന്നു മണിയായപ്പോഴേക്കും ഇരുപതു പേർ എത്തി.

ഇൻപത്തൊന്നാമനായി പാന്റ്സിട്ട നരച്ച താടിയുള്ള ഒരാൾ ഹാളിലേക്കു കടന്നുവന്നു. അയാൾ വന്ന് ക്ലാസ് മുറിയിലെ ബാക്കിലെ ചെയറിൽ ഇരുന്നു.

''നീ രാമകൃഷ്ണനല്ലേ.''

ഞാൻ അടുത്തുചെന്നു ചിരിച്ചുകൊണ്ടു ചോദിച്ചു.

അയാൾ മന്ദഹസിച്ചതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല.

''ഇവൻ അനിൽകുമാറാ. ഇവൻ മുമ്പും ആരോടും ഒന്നും മിണ്ടാത്തവനാ. ഇവനൊരു മാറ്റവും വന്നിട്ടില്ല."

വിലാസിനി ഞങ്ങളുടെ അടുത്തേക്കുവന്നു പറഞ്ഞു. "ഡെയ്സി വരില്ലേ. എന്തെങ്കിലും വിവരം അവളെക്കുറിച്ചു കിട്ടിയോ?"

കലപിലയ്ക്കിടയിൽ ഓമന എന്നോടു വിളിച്ചു ചോദിച്ചു. എല്ലാ കണ്ണുകളും എന്റെ മേൽ വീണു. "വിളിച്ചപ്പോൾ ഹസ്ബന്റാ ഫോണെടുത്തത്. പറഞ്ഞേക്കാമെന്നാ പറഞ്ഞത്."

എല്ലാ കണ്ണുകളും പ്രതീക്ഷയോടെ ക്ലാസ്മുറിയുടെ വാതിൽക്കലേക്കു നീണ്ടു ചെന്നു.

ക്ലാസ് വല്ലാതെ നിശ്ശബ്ദതയിലായി. എല്ലാ മുഖങ്ങളിലും നിരാശയുടെ നിഴലുകൾ. പതിനൊന്നര ആയിട്ടും ഡെയ്സി വന്നില്ല.

"ഇനി നമുക്ക് ആരംഭിക്കാം."

എന്റെ വാക്കുകൾക്കു ജീവൻ നഷ്ടപ്പെട്ടിരുന്നു.

"എനിക്കു നിന്നോടു ചിലതു ചോദിക്കാനുണ്ട്." വിലാസിനി എഴുന്നേറ്റുനിന്ന് എന്റെ നേരേ വിരൽ ചൂണ്ടി.

ക്ലാസ്മുറി അമ്പരപ്പിന്റെ ആവരണത്തിലായി "നീയും ഡെയ്സിയും തമ്മിൽ ഇഷ്ടമായിരുന്നെന്ന് നമ്മുടെ ക്ലാസിലെ എല്ലാവർക്കുമറിയാമായിരുന്നു. അതറിയാത്ത പൊട്ടനായിരുന്നോ നീ? ഞാൻ കരുതി നീ അവളെ കല്യാണം കഴിക്കുമെന്ന്. നീയാ ആ പാവത്തിനെ ആ ദുഷ്ടന്റെ കൈയിലേക്കു കൊടുത്തത്." അവളുടെ കറുത്ത മുഖം ഒന്നുകൂടി കറുത്തു.

''ഞാനെന്തു ചെയ്യാനാ. ഞാനന്നു കുട്ടിയല്ലാർന്നോ.'' എന്റെ വാക്കുകളിൽ നിസ്സഹായതയും ദുഃഖവും.

"ഞാനും ഗംഗാധരനും പത്തിലൊന്നിച്ചു പഠിച്ചവരല്ലേടാ. ഞങ്ങക്കു കല്യാണം കഴിക്കാമെങ്കി നിനക്കെന്താടാ പാടില്ലായിരുന്നോ."

ക്ലാസിൽ കൂട്ടച്ചിരി.

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല.

"ഡെയ്സി ശുദ്ധപാവം. അവക്കടെ കെട്ടിയോൻ ദ്രോഹിയാ. അവളെക്കുറിച്ചു ഞാൻ ചിലതെല്ലാം അറിഞ്ഞു. ഡെയ്സി വീട്ടിൽ വന്നെന്നറിഞ്ഞ് ഒരിക്കൽ ഞാൻ കാണാൻ ചെന്നതാ. അവൾക്കാരെയും കാണണ്ട എന്നു പറഞ്ഞ് അകത്തു കയറി കതകടയ്ക്കുകയാ ആ പാവം ചെയ്തത്. എന്റെ കൂട്ടുകാരി എനിക്കു ജീവനായിരുന്നു. അവളുടെ ചോറ്റുപാത്രത്തിൽനിന്നാ ഞാൻ ഉച്ചയ്ക്കു വിശപ്പടക്കിയിരുന്നത്.'' - വിലാസിനി മുളചീന്തുംപോലെ കരഞ്ഞു. വിലാസിനി കരഞ്ഞപ്പോൾ ഞങ്ങളുടെയും കണ്ണുകൾ നിറഞ്ഞു.

കൂട്ടുകാരികൾ വിലാസിനിയെ ആശ്വസിപ്പിച്ചു. അവൾ കരച്ചിലടക്കി കണ്ണുകൾ തുടച്ചു.

*ശേഷം 10-ാം പേജിൽ*

നോവൽ 12

തേക്കിൻകാട് ജോസഫ്



# പലായനം

വക്കീൽ നോട്ടീസ് വായിച്ചു കഴിഞ്ഞപ്പോൾ ഇയ്യോബ് അറിയാതെ ഒരു ദീർഘനിശ്വാസമുതിർത്തു. കാര്യമെന്തെന്നറിയാനുള്ള ആകാംക്ഷയോടെ മാത്തുത്തരകൻ ഇയ്യോബിന്റെ മുഖത്തേക്ക് ഉറ്റുനോക്കി.

"ന്താടാ ഇയ്യോബ് കാര്യം."

"അയാള് നമ്മളെ ചതിച്ചു അപ്പാ."

"ആരെടെ കാര്യാ നിയ്യ് പറേണത്?"

"ആ വക്കീല് ബാലകൃഷ്ണൻനായര്! ഇവ്ടെത്തെ ചോറു തിന്നു വളന്നിട്ട് ഇതു നമ്മോടു വേണ്ടായിരുന്നു."

"നിയ്യ് കാര്യമെന്താണെന്നു പറയ് ഇയ്യോബേ!" മാത്തുത്തരകൻ അക്ഷമനായി.

"അയാള് നമുക്കിട്ടു പണി തന്നിരിക്കണു അപ്പാ."

"എന്താടാ ഇയ്യോബേ കാര്യം?"

"നമ്മടെ ചാലക്കുടീലെ അന്നാമ്മക്കുഞ്ഞമ്മേടെ ആ തലതെറിച്ച ഇളയമോനില്ലേ പൗലോ. അവന് വല്യപ്പച്ചന്റെ സ്വത്തുക്കളുടെ വീതം വേണമെന്ന്. കൊട്ടാരത്തിൽ തറവാടിന്റെ സ്വത്തുക്കളില് അവനും അവകാശമുണ്ടത്രേ."

"അന്നാമ്മക്കുഞ്ഞമ്മ അപ്പച്ചന്റെ നേരേ മൂത്തപെങ്ങളല്ലിയോ? അവനെ അന്നത്തെക്കാലത്ത് നൂറു പവൻ സ്വർണം കൊടുത്ത് കെട്ടിച്ചുവിട്ടത് നമ്മടെ അപ്പച്ചനാ. അപ്പച്ചൻ പല തവണ അതു പറഞ്ഞു ഞാൻ കേട്ടിരിക്കണു."

മാത്തുത്തരകൻ വികാരഭരിതനായി. "ങ്ഹാ. മനുഷേന്മാർക്ക് എത്ര കിട്ടിയാലും ആർത്തി തീരില്ലല്ലോ. എവനെങ്ങനെ ഈ ബാലകൃഷ്ണനെ വന്നു കണ്ടുപിടിച്ചു?"

"അതാ അപ്പാ ഞാൻ പറഞ്ഞേ. തിന്ന ചോറിനു നന്ദി കാണിക്കേണ്ടേ ആ വക്കീല്. ഈ കേസ് അയാള് ഏറ്റെടുക്കാൻ പാടില്ലാരുന്നു. സന്നതെടുക്കാൻ പോണേനു മുമ്പേ വല്യപ്പച്ചനെ കാണാൻ വന്നപ്പോ അഞ്ചുകുതിരപ്പവൻ അയാടെ കൈയില് വച്ചു കൊടുക്കണത് ഞാനീ കണ്ണു കൊണ്ടു കണ്ടതാ."

"അവൻ ബുദ്ധിമാനാ ആ പൈലോ. കൊട്ടാരത്തിൽ തറവാടിന്റെ ചരിത്രമറിയാവുന്ന ഒരു വക്കീലിനെത്തന്നെ അവൻ കണ്ടുപിടിച്ചിരിക്കണ്."

തെല്ല് ആലോചനയ്ക്കു ശേഷം ഇയ്യോബ് ആരെടെന്നില്ലാതെ സ്വയം പറഞ്ഞു:

"ഇതങ്ങനെ വെറുതെ വിടാൻ പറ്റത്തില്ല അപ്പാ. കേസു പഠിക്കാൻ നമുക്കും നല്ലൊരു വക്കീലിനെ കണ്ടുപിടിക്കണം."

ഇയ്യോബ് പല്ലുഞെരിച്ചു.

"അയാളെ, ആ ബാലകൃഷ്ണൻ വക്കീലിനെ ഞാനൊന്നു കാണട്ടെ. ഞാനൊന്നു ചോദിക്കുന്നുണ്ട്."

ഇയ്യോബിന്റെ മുഖത്തേക്കു രക്തം ഇരച്ചുകയറി. അയാൾക്കു ദേഷ്യം അടക്കാൻ കഴിഞ്ഞില്ല.

"നിയ്യ് വഴക്കിനൊന്നും പോവണ്ട ഇയ്യോബേ! അയാൾക്ക് സദ്ബുദ്ധി ഉണ്ടാവാൻ പ്രാർഥിക്ക്."

"ഞാന് കുറവിലങ്ങാട്ടുവരെ ഒന്നു പോവ്വാ. ആ ജോൺ വക്കീലിനെ കാണണം. നമ്മടെ കേസ് ഏറ്റെടുക്കാൻ അപേക്ഷിക്കണം. അങ്ങേര് കേസ് നന്നായി പഠിക്കണ വക്കീലാ..."

ഇയ്യോബ് എന്തോ നിശ്ചയിച്ചുറപ്പിച്ചമാതിരി എണീറ്റു. ഇയ്യോബിന് തന്റെ മനസ്സിലൊരു കാര്യം തീരുമാനിച്ചാൽ അതിൽനിന്നു വ്യതിചലിക്കുന്ന സ്വഭാവം ഇല്ല എന്ന് മാത്തുത്തരകനറിയാം. അവനല്ലേ ഇനി ഈ തറവാട് സംരക്ഷിക്കേണ്ട അവകാശി. അവൻ നിശ്ചയിക്കുന്നപോലെ കാര്യങ്ങൾ നടക്കട്ടെ. മാത്തുത്തരകനും അങ്ങനെ ചിന്തിച്ചു. ഇനി താൻ എത്രനാൾ കാണും? അയാളും എണീറ്റ് തന്റെ അറയിലേക്കു പോയി. ആണ്ടമ്മയെ കാണണം. അവൾ ഇതൊന്നും അറിഞ്ഞിട്ടില്ലല്ലോ. അറയിലെത്തിയെങ്കിലും അവൾ അവിടെ ഉണ്ടായിരുന്നില്ല.

ആണ്ടമ്മ ഉച്ചഭക്ഷണത്തിന്റെ മേൽനോട്ടത്തിനായി അടുക്കളയിലായിരുന്നു.



മാത്തുത്തരകനെ അവിചാരിതമായി അടുക്കളയിലേക്കു കടന്നുചെല്ലുന്നതു കണ്ട് ആണ്ടമ്മ തോളിലിട്ടിരുന്ന മേൽമുണ്ടിൽ കൈ തുടച്ചുകൊണ്ട് കടന്നുവന്നു.

"എന്താ അച്ചായാ!" ആണ്ടമ്മയുടെ ചോദ്യംകേട്ട് മാത്തുത്തരകൻ പറഞ്ഞു:

"നീയൊന്ന് നമ്മുടെ അറയിലേക്കു വന്നേ! ചെല കാര്യങ്ങള് പറയാനൊണ്ട്."

അവർ തിടുക്കത്തിൽ അറയിലെത്തി.

മാത്തുത്തരകൻ കാര്യങ്ങൾ വിശദമായി വിവരിച്ചു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ആണ്ടമ്മ മാതാവിനെ വിളിച്ചു.

"എന്റെ മാതാവേ! എന്റെ അമ്മേ! ഞാനെന്താ ഈ കേക്കണത്! ഈ കുടുംബത്തില് ആദ്യമാണല്ലോ ഒരു കേസും പുക്കാറും. അവൻ, ആ തെമ്മാടിയെ ഒരു പാഠം പഠിപ്പിക്കണം. നാല്പത്തൊന്നിന്റെ അടിയന്തിരത്തിനു വന്നപ്പോഴും അവൻ വല്യ ലോഹ്യം പറഞ്ഞതാ; അമ്മായീ സുഖമല്ലേ? എന്നു ചോദിച്ച്. അപ്പോ അവന്റെ മനസ്സിലിരുപ്പ് ഇതായിരുന്നല്ലേ? അവനൊരു മുടിയനായ പുത്രനാ. അവന്റെ കുടുംബത്തിന്റെ പേരും പത്രാസും വലുതാ. പക്ഷേ, കൈയിലിരുപ്പ് ഇതാണല്ലോ കർത്താവേ!"

ആണ്ടമ്മയ്ക്ക് കേട്ടിട്ടു സഹിക്കാൻ കഴിഞ്ഞില്ല.

"നിയ്യ് ബഹളം വച്ച് എല്ലാരേം അറിയിക്കണ്ട. ഇയ്യോബ് എന്തൊക്കെയോ തീരുമാനിച്ചിട്ടുണ്ട്. അവനേതോ ഒരു വക്കീലിനെ കാണാൻ പോണെന്നാ പറഞ്ഞേ!"

"എന്നാലും ആ ബാലകൃഷ്ണൻവക്കീല് നമ്മോട് ഈ ചതി വേണ്ടായിരുന്നു. ഇവ്ടത്തെ ചോറ് എത്ര തിന്നതാ അയാള്. എന്നിട്ടും നന്ദിയില്ലാത്തോൻ."

ആണ്ടമ്മയ്ക്ക് തികട്ടി വന്ന രോഷം അടക്കാനായില്ല. ഒപ്പം സങ്കടവും.

"ഞാനീ കൈകൊണ്ട് എത്ര ചോറുവെളമ്പിക്കൊടുത്തതാ അയാൾക്ക്."

"ഇനി അതൊന്നും പറഞ്ഞിട്ടു കാര്യമില്ലെന്നേ. ഓരോ മനുഷ്യനും ഇങ്ങനെയൊക്കെയാ നന്ദി കാണിക്കുന്നേ."

മാത്തുത്തരകൻ അവരെ ആശ്വാസവചനങ്ങൾകൊണ്ട് സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു.

കാൽപെരുമാറ്റം കേട്ട് തലയുയർത്തി നോക്കുമ്പോൾ മുന്നിൽ ഇയ്യോ. മകൻ യാത്രാവേഷത്തിലാണ്. കൈയിലൊരു തോൽബാഗുമുണ്ട്.

"ഞാനൊരു യാത്രയിലാണ്. രണ്ടു ദെവസം കഴിഞ്ഞേ വരൂ. ആദ്യം താണ്ടമ്മേടെ വീട്ടിലൊന്നു പോവും. പിന്നെ ആ വക്കീലിനെ കാണണം."

"നെനക്കു നല്ലതു വരട്ടെ" ഇയ്യോ. സർവശക്തനായ കർത്താവു നെന്നെ രക്ഷിക്കും."

മാത്തുത്തരകൻ ഹൃദയം തുറന്ന് മകനെ അനുഗ്രഹിച്ചു.

ടൗണിൽനിന്ന് കരിഗ്യാസ് വണ്ടിയിലാണ് ചങ്ങനാശേരിക്കു പുറപ്പെട്ടത്. അവിടെനിന്നു ചമ്പക്കുളത്തേക്ക് കെട്ടുവള്ളത്തിൽ.

വിവരങ്ങൾ അറിഞ്ഞപ്പോൾ സഖറിയാ തര്യൻ പറഞ്ഞു:

"ഇയ്യോ നിയ്യ് ഒരു കാര്യം ചെയ്യ്. നമ്മടെ കാറ് എടുത്തോളൂ. വക്കീലിനെ പോയി കാണാനും മറ്റും അത് ഉപകാരപ്പെടും. നെന്റെ യാത്രാവശ്യങ്ങള് കഴിഞ്ഞ് വണ്ടി തിരികെവിട്ടാൽ മതി."

ഇയ്യോയുടെ മുഖത്ത് നന്ദിയുടെ മലരുകൾ വിരിഞ്ഞു. അയാൾ തൊട്ടടുത്തുനിന്ന താണ്ടമ്മയെ നോക്കി. അപ്പച്ചന്റെ വാക്കുകൾ അവളെ തൃപ്തയാക്കി.

"അതാണ് നല്ലത് മോനേ!" പ്ലമേനാമ്മയും പറഞ്ഞു.

പിറ്റേദിവസം രാവിലെ ജോൺ വക്കീലിനെ കാണാൻ യാത്ര തിരിക്കുമ്പോൾ ഇയ്യോബിന്റെ ആത്മവിശ്വാസം വർധിച്ചു. ഭാര്യവീട്ടുകാരുടെയും പിന്തുണ തനിക്കുണ്ട്. സഖറിയാ കുര്യൻ എന്ന തന്റെ അമ്മായിയപ്പൻ അവസരത്തിനൊത്ത് ഉയർന്നിരിക്കുന്നു.

ജോൺ വക്കീലിന്റെ ബംഗ്ലാവിലെത്തുമ്പോൾ അദ്ദേഹം വിശ്രമത്തിലായിരുന്നു. ഇയ്യോബിനു പറയാനുള്ളതു മുഴുവൻ അദ്ദേഹം സശ്രദ്ധം കേട്ടു. വക്കീൽ നോട്ടീസ് ശ്രദ്ധാപൂർവം വായിച്ചു. എന്നിട്ട് അതിന്റെ ഒരു പകർപ്പെടുക്കാൻ തന്റെ വക്കീൽഗുമസ്തനെ ഏല്പിച്ചു.

ജോൺ വക്കീൽ പറഞ്ഞു:

"നിങ്ങളുടെ വസ്തുവകകളുടെ പ്രമാണങ്ങൾ എനിക്കു കാണണം. അവ നന്നായി പഠിക്കുകയും വേണം. ഈ കേസ് ഞാനേറ്റെടുക്കാം. ഈ കേസിൽ നമ്മൾ ജയിക്കുമെന്ന് എനിക്കുറപ്പുണ്ട്."

"ഉടനെ തന്നെ പ്രമാണങ്ങൾ എത്തിക്കാം സർ. ആ പൈലോ അവനെ ഒരു പാഠം പഠിപ്പിക്കണം."

"ഇവ്ടെ നിങ്ങൾക്കു നീതി ലഭിക്കണം എന്നേ എനിക്കുള്ളൂ. ആരെയും ശിക്ഷിക്കാൻ നമ്മൾ വിധികർത്താക്കളല്ല, ഇയ്യോബ്."

വളരെ സൗഹാർദ്ദപരമായിരുന്നു, ജോൺ വക്കീലിന്റെ സമീപനം. ഏതോ മുൻജന്മബന്ധത്തിന്റെ കാണാച്ചരടുകൾ ഉണ്ടാവാം.

വക്കീലിന്റെ ബംഗ്ലാവിൽനിന്ന് ഉച്ചഭക്ഷണം കഴിച്ചിട്ടാണ് ഇയ്യോബിന്റെ മടക്കയാത്ര. തിരികെ കാറിൽ വരുമ്പോൾ തെല്ലൊന്നു മയങ്ങിപ്പോയി, ഇയ്യോബ്. അയാൾ പെട്ടെന്ന് ഉണർന്നു. തലേ രാത്രി ഉറങ്ങിയിട്ടില്ല. താണ്ടമ്മയുടെ നാട്ടുവിശേഷങ്ങൾകേട്ട് ഏറെ വൈകുന്നതുവരെ ഉണർന്നിരുന്നു. താണ്ടമ്മ പോന്നിട്ട് മൂന്നാഴ്ച കഴിഞ്ഞിരിക്കുന്നു. അവൾക്കു വിശേഷങ്ങൾ ഒട്ടേറെ പറയാനുണ്ട്.

കൊട്ടാരത്തിൽ തറവാട്ടിലെ അനന്തരാവകാശിയുടെ ചെറുചലനങ്ങൾ അയാൾ ആ രാവിൽ തൊട്ടറിഞ്ഞു.

ഇതുവഴി കുട്ടിക്കാനംവരെ ഒന്നു പോയി തന്റെ സ്നേഹിതൻ ജോൺ മിൽട്ടൺ സായ്വിനെ ഒന്നു കണ്ടാലോ? മിൽട്ടൺ സായ്വിനെ പീരുമേട്ടിലെ ക്ലബിൽവച്ചു പരിചയപ്പെട്ടതാണ്. നല്ലൊരു റബർ പ്ലാന്റർ. റബർ കേരളത്തിൽ കൊണ്ടുവന്ന മർഫി സായ്വുമായി അടുത്ത ബന്ധമുണ്ട് അയാൾക്ക്.

ഇനിയുള്ള കാലം റബറും തേയിലയും പ്ലാന്റേഷൻ വേണ്ട കാലമാണ്. ഇയ്യോബിനെ മിൽട്ടൺ സായ്വ് ഉപദേശിച്ചിരുന്നു. സായ്വുമാർ ശാസ്ത്രീയമായി നട്ടുവളർത്തിയ റബർ എസ്റ്റേറ്റുകൾ വില്പനയ്ക്കുണ്ടെന്നും അയാൾ കേട്ടിരുന്നു.

കാർ കുട്ടിക്കാനത്തേക്കു വിടാൻ അയാൾ ഡ്രൈവർക്കു നിർദേശം കൊടുത്തു. മുണ്ടക്കയം കഴിഞ്ഞപ്പോൾ പ്രകൃതി മാറി. നേരിയ തണുപ്പ് ശൈത്യത്തിനു വഴി മാറിക്കൊടുത്തു. മലനിരകൾക്കിടയിൽ കട്ടിയേറിയ മഞ്ഞിൻമേഘനിരകൾ അലസമായി ഒഴുകുന്ന മനോഹരകാഴ്ച. നയനഭംഗിയാർന്ന ആ ദൃശ്യങ്ങൾ അയാളുടെ മനസ്സിനു കുളിർമയേറി. സായന്തനസൂര്യൻ കണ്ണിൽനിന്നു മായുന്നതു മുമ്പേ അയാൾ ജോൺ മിൽട്ടൻ സായ്വിന്റെ ബംഗ്ലാവിലെത്തി. സായ്വ് ബംഗ്ലാവിൽത്തന്നെ ഉണ്ടായിരുന്നു.

"ഹലോ മിസ്റ്റർ ഇയ്യോബ് വെൽകം റ്റു മൈ റസിഡൻസ്."

കണ്ടപാടേ ഹസ്തദാനം ചെയ്തുകൊണ്ട് മിൽട്ടൺ സായ്വ് ഇയ്യോബിനെ തന്റെ ഓഫീസ് റൂമിലേക്ക് ആനയിച്ചു.

"പറയണം. എന്തുണ്ടുവിശേഷങ്ങൾ?" പച്ചമലയാളം ചവച്ചരച്ച് സായ്വ് കുശലാന്വേഷണം നടത്തി.

സായ്വ് ഇവിടെ വന്ന് അത്യാവശ്യം മലയാളം പഠിച്ചിരിക്കുന്നു.

*ശേഷം 14-ാം പേജിൽ*

# യുഗപ്രഭാവനായ പ്രേഷിതവര്യൻ

## പ്രമുഖ മിഷണറിവൈദികനും ചെറുപുഷ്പമിഷൻലീഗ് സ്ഥാപകഡയറക്ടറുമായ ഫാ. ജോസഫ് മാലിപ്പറമ്പിൽ അന്തരിച്ചിട്ട് സെപ്റ്റംബർ ഒമ്പതിന് 25 വർഷം



ഡോ. പി.സി. അനിയൻകുഞ്ഞ്

സഭയുടെ പ്രേഷിതാഭിമുഖ്യം ഹൃദയതാളമാക്കി സമഭാവനയും പ്രേഷിതചൈതന്യവും കാഴ്ചവച്ച് വൈദികലോകത്തിന് മികച്ച ഒരു പാഠപുസ്തകമായി തെളിഞ്ഞുനിൽക്കുന്ന ജീവിതമാണ് ബഹുമാനപ്പെട്ട ജോസഫ് മാലിപ്പറമ്പിലച്ചന്റേത്. സഭ സ്വഭാവത്താലേ പ്രേഷിതയാകുന്നുവെന്ന അടിസ്ഥാനസഭാവിജ്ഞാനീയപാഠം ഏറെ തീക്ഷ്ണമായി ജീവിച്ച ഒരു കാലഘട്ടത്തിന്റെ പ്രതിനിധിയായിരുന്നു അദ്ദേഹം. 1948 ൽ പ്രസിദ്ധീകരിച്ച 'പ്രേഷിതഭൂഷണം' എന്ന ഗ്രന്ഥത്തിൽ അന്നത്തെ അവിഭക്ത ചങ്ങനാശേരിരൂപതയ്ക്കു വെളിയിൽ വിവിധ മിഷൻമേഖലകളിൽ വൈദികർ, വൈദികവിദ്യാർഥികൾ, സന്ന്യാസസഹോദരർ എന്നിങ്ങനെ 258 പേരും, സന്ന്യാസിനികൾ, അർഥിനികൾ എന്നിങ്ങനെ 168 പേരും ഉള്ളതായി കാണുന്നു. ഇത് അപൂർണകണക്കാണെന്ന നിരീക്ഷണവുമുണ്ട്. ഇത്രയധികം പ്രേഷിതർ രൂപതയ്ക്കു പുറത്തുണ്ടായിരുന്നുവെന്നു സൂചിപ്പിക്കുന്ന അതേ തീക്ഷ്ണതയോടെ രൂപതയ്ക്കുള്ളിൽ അക്കാലത്ത് ഓടിനടന്ന് പ്രേഷിതചൈതന്യത്തിൽ നന്മ ചെയ്തു ജീവിച്ച യുഗ്രപഭാവനായിരുന്നു ബഹു. മാലിപ്പറമ്പിലച്ചൻ.

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകഡയറക്ടർ, രൂപതയുടെ തെക്കൻ മിഷനിലെ (കന്യാകുമാരി/തക്കല) ആദ്യകാലമിഷനറി, മെത്രാപ്പോലീത്തൻപള്ളി വികാരി, മൈനർ സെമിനാരി റെക്ടർ, സെമിനാരി ആത്മീയോപദേഷ്ടാവ്, അതിരൂപത പ്രോ വികാരി ജനറാൾ, മേലമ്പാറ മിഷനറി സൊസൈറ്റി ഡയറക്ടർ, എം.എസ്.റ്റി. യുടെ പ്രഥമ സുപ്പീരിയർജനറൽ തുടങ്ങിയ നിലകളിൽ കാഴ്ചവച്ച അദ്ദേഹത്തിന്റെ സേവനൗത്സുക്യം തന്നിൽ വിളങ്ങിയിരുന്ന ആഴമായ ആത്മീയതയുടെയും നേതൃപാടവത്തിന്റെയും ഉത്തമതെളിവാണ്.

കോട്ടയം ആർപ്പൂക്കര മാലിപ്പറമ്പ് കുടുംബത്തിൽ കുര്യൻ-മറിയം ദമ്പതികളുടെ മകനായി 1909 ഡിസംബർ 24 നായിരുന്നു അച്ചന്റെ ജനനം. കരിപ്പൂത്തട്ട് എൽ.പി. സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും മാന്നാനം സെന്റ് എഫ്രേംസ് സ്കൂളിൽനിന്ന് ഹൈസ്കൂൾ പഠനവും പൂർത്തിയാക്കി ഇ.എസ്.എൽ.സി. പാസായ ജോസഫ് പൗരോഹിത്യശുശ്രൂഷയിലേക്കുള്ള വിളി ഉള്ളിൽ തിരിച്ചറിയുകയും അന്നു കോട്ടയത്തു പ്രവർത്തിച്ചിരുന്ന രൂപതയുടെ പെറ്റി സെമിനാരിയിൽ ചേരുകയും ചെയ്തു. ആലുവ മംഗലപ്പുഴ സെമിനാരിയിലായിരുന്നു മേജർ സെമിനാരി പരിശീലനം. 1936 ഡിസംബർ 21-ാം തീയതി തന്റെ 27-ാം വയസ്സിൽ പുരോഹിതാഭിഷിക്തനായി. പൗരോഹിത്യശുശ്രൂഷാകാലത്തെ ആദ്യ നിയമനവും ഔദ്യോഗികപൗരോഹിത്യജീവിതത്തിലെ അവസാന നിയമനവും വിളിച്ചറിയിക്കുന്നത് അച്ചനിലെ വളരെ അടിസ്ഥാനപരമായ ഒരു പുണ്യത്തെയാണ് – തന്റെ ആത്മീയഭാവവും കരുത്തും സെമിനാരി ആത്മീയ ഉപദേഷ്ടാവ് എന്നതായിരുന്നു.

തുടർന്ന് പുളിങ്കുന്ന്, ഭരണങ്ങാനം, മെത്രാപ്പോലീത്തൻ എന്നിവിടങ്ങളിലെ അസി. വികാരിയായും വിവിധ ഭക്തസംഘടനകളുടെ രൂപത ഡയറക്ടറായും ശുശ്രൂഷ ചെയ്തു. ഭരണങ്ങാനത്തെ ശുശ്രൂഷാകാലയളവിലാണ് ചെറുപുഷ്പമിഷൻലീഗിന്റെ രൂപീകരണം നടന്നത്. ചെറിയ കാര്യങ്ങൾ ദൈവകൃപയിലുള്ള വലിയ ആശ്രയത്തോടെ ചെയ്യാനുള്ള ആത്മീയതയാണ് മിഷൻലീഗിന്റെ മുഖമുദ്ര. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതം ഇക്കാര്യത്തിൽ അച്ചനു പ്രേരണയും മാതൃകയുമായി. അതുകൊണ്ടുതന്നെ, മിഷൻലീഗിന്റെ ആത്മീയപ്രഭാവം അതുല്യമായി. സഭാമക്കളായ അനേകായിങ്ങളിൽ മിഷനറിചൈതന്യം വളർത്താൻ ഈ മഹാപ്രസ്ഥാനം വേദിയായി. അനേകം ദൈവവിളികളെ സഭയ്ക്കു സമ്മാനിക്കാനും സംഘടന പ്രേരകമായി. മിഷൻലീഗുവഴി നാളിതുവരെ 51 മെത്രാന്മാരും ആയിരക്കണക്കിന് വൈദികരും സമർപ്പിതരും കടന്നുവന്നുവെന്ന സത്യം പ്രഖ്യാപിക്കുന്നത് സംഘടനയുടെ ഈ രൂപവത്കരണസ്വാധീനമാണ്.

പ്രസ്തുത സ്വാധീനത്തിന്റെ ഒരു ഉത്തമസാക്ഷ്യമായി അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ 'ഓർമച്ചെപ്പ്' എന്ന പുസ്തകത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ: "ദൈവവിളി പരിപോഷിപ്പിക്കാൻ സഹായിച്ച മറ്റൊരു സാഹചര്യം ഇടവകയിലെ മിഷൻലീഗ് എന്ന സംഘടനയിലെ പ്രവർത്തനവും മദ്ബഹാബാലൻ എന്ന നിലയിലുള്ള ശുശ്രൂഷയുമാണ്. അന്നൊക്കെ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ മിക്കവാറും ഇടവകകളിൽത്തന്നെ ഒതുങ്ങിയിരുന്നു. എന്റെ ഇടവകയിൽ മിഷൻലീഗ് സജീവമായിരുന്നു. ഇടവകയ്ക്കു പുറത്ത് ഇന്നത്തേതുപോലുള്ള സെമിനാറോ ക്യാമ്പോ ഒന്നും ഉണ്ടായിരുന്നതായി ഞാനോർക്കുന്നില്ല. ഇടവകയിൽ മിഷൻലീഗ് അംഗങ്ങൾ ഉത്സാഹത്തോടെ പ്രവർത്തിച്ചിരുന്നു. ആഴ്ചതോറുമുള്ള ഏഴുപേരടങ്ങുന്ന ഗ്രൂപ്പ് മീറ്റിംഗ്, പ്രത്യേകാവസരങ്ങളിൽ സംയുക്തയോഗങ്ങൾ, ശനിയാഴ്ചതോറും കുമ്പസാരം, മാസത്തിലൊരിക്കൽ വീടുകളിൽ പോയി ഉൽപന്നപ്പിരിവ്, ഞായറാഴ്ചതോറും തീപ്പെട്ടിയരി സംഭാവന, മിഷൻപ്രദേശങ്ങളെ സാമ്പത്തികമായി സഹായിക്കുന്ന സംരംഭങ്ങൾ, മിഷനറിമാർക്കുവേണ്ടിയുള്ള പ്രാർഥന ഇവയെല്ലാം ഒരു മിഷനറിയാകണമെന്നുള്ള തീവ്രമായ ആഗ്രഹം എന്നിൽ ജനിപ്പിച്ചിരുന്നു."



അഭിവന്ദ്യ മാർ ജയിംസ് കാളാശേരിപ്പിതാവിന്റെ ആശീർവാദത്തോടെയും അനുമതിയോടെയും 1947 ൽ ഭരണങ്ങാനത്തു രൂപം കൊണ്ട ഈ പ്രേഷിതസംഘടനയുടെ ആരംഭം വിളിച്ചറിയിക്കുന്ന ഒരു വലിയ സഭാത്മക സന്ദേശമുണ്ട്. ശ്ലൈഹികപിൻഗാമി (മാർ ജയിംസ് കാളാശേരി) യുടെ മാർഗദർശനവും ആശീർവാദവും പുരോഹിതാഭിഷിക്തന്റെ നേതൃത്വവും ശ്രദ്ധയും (ഫാ. ജോസഫ് മാലിപ്പറമ്പിൽ) അല്മായപ്രേഷിതന്റെ പ്രേരണയും സഹകരണവും (പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ – കുഞ്ഞേട്ടൻ) ചെറിയ കാര്യങ്ങൾ വലിയ പ്രാധാന്യത്തോടെ ചെയ്യുന്ന സ്വർഗീയമധ്യസ്ഥയുടെ (വി. കൊച്ചുത്രേസ്യാ) മാതൃകയും സഹനദാസിയുടെ (അൽഫോൻസാമ്മ) സ്വർഗീയമാധ്യസ്ഥ്യവും ചേർന്ന സംഘടനയുടെ ജന്മം വിളിച്ചറിയിക്കുന്നത് സഭാപ്രേഷിതപ്രവർത്തനത്തിന്റെ കിടയറ്റ സമവാക്യത്തിന്റെ സന്ദേശമാണ്. ഈ പ്രേഷിതരസതന്ത്രത്തിന്റെ പ്രചാരകനും പ്രചോദകനുമായിരുന്നു മാലിപ്പറമ്പിലച്ചൻ.

1955 ൽ ആരംഭിച്ച തെക്കൻ മിഷൻരംഗത്തെ അച്ചന്റെ തീക്ഷ്ണമായ പ്രവർത്തനങ്ങളിൽ വ്യക്തമാക്കപ്പെട്ടത് മേല്പറഞ്ഞ പ്രേഷിതചൈതന്യമായിരുന്നു. ഒരു ഉത്തമമിഷനറിയായിരുന്നു അദ്ദേഹം. വെറുംകൈയോടെ അമ്പൂരിക്കു വണ്ടികയറിയ അദ്ദേഹം നീണ്ട ഒമ്പതു വർഷക്കാലം തീക്ഷ്ണമായ പ്രവർത്തനങ്ങൾ നടത്തി. അമ്പൂരി, മായം, തേക്കുപാറ, ആറുകാണി, അണമുഖം, പത്തുകാണി, ഡാൽമുഖം, പഞ്ചക്കാട് എന്നിങ്ങനെ ഏറെ ദൂരങ്ങൾ താണ്ടി ഓരോ സ്റ്റേഷനിലും നടന്നെത്തി ദൈവജനത്തിനാവശ്യമായ ആത്മീയശുശ്രൂഷകൾ മാത്രമല്ല, പൊതുജനത്തിന്റെ ഭൗതികജീവിതത്തിനും സർവതോമുഖമായ വളർച്ചയ്ക്കും സഹായകമായ മുൻകൈപ്രവർത്തനങ്ങളും അദ്ദേഹം നടത്തി. റോഡുകൾ വെട്ടാനും ആളുകളെ ഏകോപിപ്പിക്കാനും വിഭവങ്ങൾ കണ്ടെത്താനും ബസ് റൂട്ടുകൾ അനുവദിച്ചെടുക്കാനും അച്ചൻ കഠിനാധ്വാനം ചെയ്തു. മിഷനറിയുടെ കരുത്ത് എന്നും പ്രാർഥനയാകുന്നുവെന്നതിനാൽ, പ്രാർഥനയായിരുന്നു അച്ചന്റെ കരുത്ത്. അതുവഴി സാധാരണക്കാരുമായി ഇഴുകിച്ചേർന്നു ജീവിക്കുന്ന മെസയാനിക അജപാലനശൈലി അദ്ദേഹത്തിന് ജീവിതസാഫല്യം നൽകി.

ആറുപതിറ്റാണ്ട് വിശ്രമരഹിതമായ പൗരോഹിത്യശുശ്രൂഷ നിർവഹിച്ച് ആ പ്രേഷിതരത്നം 89-ാമത്തെ വയസ്സിൽ സ്വർഗീയയാത്രയ്ക്കായി വിളിക്കപ്പെട്ടു. 1998 സെപ്റ്റംബർ ഒൻപതിന് ഭൗതികസഭയിൽനിന്ന് എടുക്കപ്പെട്ട ബഹു. അച്ചൻ അനേകം കുഞ്ഞുമിഷനറിമാരുടെ നാവിലെ മറക്കാത്ത മന്ത്രമാണ്. മാർ ജോസഫ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ ഒട്ടനവധി വൈദികമേലധ്യക്ഷന്മാരുടെയും നൂറുകണക്കിനു വൈദികരുടെയും വൻജനാവലിയുടെയും പ്രാർഥനയിലും സാന്നിധ്യത്തിലും ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയ സെമിത്തേരിയിലെ പ്രത്യേക കല്ലറയിൽ അച്ചന്റെ ഭൗതികശരീരം അടക്കം ചെയ്തു. ബഹു. അച്ചന്റെ സ്വർഗപ്രവേശനത്തിന്റെ രജതജൂബിലിവർഷത്തിൽ സഭയുടെ പ്രേഷിതമുഖം കൂടുതൽ തീക്ഷ്ണമാക്കാൻ മിഷന്റെ മുഖ്യ ഏജന്റായ പരിശുദ്ധാത്മാവിനോട് കൂടുതൽ തീക്ഷ്ണമായി പ്രാർഥിക്കാം. ■

## ഫാ. മാത്യു പുല്ലുകാലായിലിന് ഫാ. മാലിപ്പറമ്പിൽ പുരസ്കാരം



കൊച്ചി: ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതി ഏർപ്പെടുത്തിയ ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്കാരം ഫാ. മാത്യു പുല്ലുകാലായിലിന്.

സെപ്റ്റംബർ ഒമ്പതിന് ആർപ്പൂക്കര ചെറുപുഷ്പദൈവാലയത്തിൽ നടക്കുന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണസമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ അവാർഡ് സമ്മാനിക്കും.

ഫാ. മാത്യു പുല്ലുകാലായിൽ അദിലാബാദ് രൂപതയിൽ ഗൊല്ലപ്പള്ളി, ജണ്ടാവെങ്കിട്ടപുരം, കോനംപെട്ട എന്നിവിടങ്ങളിലായി എട്ടുവർഷം ശുശ്രൂഷ ചെയ്തു. കുട്ടികളുടെ വിദ്യാഭ്യാസം സുഗമമാക്കാൻ ബോർഡിംഗ് സൗകര്യം ഏർപ്പെടുത്തുകയും നൂറിലധികം കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസം ഒരുക്കുകയും ചെയ്തു. ദൈവവിളി പ്രോത്സാഹനത്തിനും പ്രേഷിതപ്രവർത്തനത്തിനും പ്രാധാന്യം നൽകി. രണ്ടുപേരെ വൈദികരും രണ്ടുപേരെ സിസ്റ്റേഴ്സുമാകാൻ സഹായിച്ചു. മിഷനിൽ ആദ്യമായി കുടുംബക്കൂട്ടായ്മകൾ സംഘടിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രേഷിതതീക്ഷ്ണതയും മനുഷ്യസ്നേഹപരമായ ഇത്തരം പ്രവർത്തനങ്ങളും പരിഗണിച്ചാണ് അവാർഡ്. പാലാ രൂപതാംഗവുമായ ഫാ. മാത്യു ഇപ്പോൾ അരുണാപുരം പള്ളിയുടെ വികാരിയാണ്.

# കമലയെ ഓർക്കുമ്പോൾ



ഡോ. ജോർജ് വർഗീസ്

## ദന്തവിദഗ്ധന്റെ ഡയറിക്കുറിപ്പുകൾ 4

**പ്രമുഖ ദന്തചികിത്സാവിദഗ്ധനായ ഡോ. ജോർജ് വർഗീസ് കുന്തറ തന്റെ ദീർഘകാലത്തെ അനുഭവപരിചയത്തിൽനിന്നു തിരഞ്ഞെടുത്ത ചികിത്സാ റിപ്പോർട്ടുകൾ. കോട്ടയം ഗവ. ദന്തൽകോളജ് പ്രിൻസിപ്പലും പുഷ്പഗിരി ദന്തൽ കോളജ് പ്രിൻസിപ്പലുമായിരുന്ന ഡോ. ജോർജ് വർഗീസ് ഇപ്പോൾ പുഷ്പഗിരിയിൽ ഓറൽ & മാക്സിലോ ഫേഷ്യൽ സർജനാണ്.**

ഒരു ശനിയാഴ്ച രാവിലെ ഡോ. ജോണിയുടെ ഫോൺ കോൾ എനിക്കു വന്നു.

അദ്ദേഹം രണ്ടാഴ്ചമുമ്പ് ഒരു രോഗിയുടെ അണപ്പല്ലെടുത്തതാണ്. ഇപ്പോഴും മുറിവ് ഉണങ്ങിയിട്ടില്ലത്രേ. മാത്രമല്ല, മുറിവിൽനിന്ന് ഒരു വളർച്ചയും കാണുന്നു. വേദനയില്ല. എന്നാൽ, ഇടയ്ക്ക് രക്തം വരുന്നുണ്ട്.

എനിക്കു റഫർ ചെയ്യാൻ



വിളിച്ചതാണ്, ഞാൻ ഓക്കെ പറഞ്ഞു.

രണ്ടു മണിക്കൂറിനുള്ളിൽ രോഗി എന്നെ കാണാനെത്തി. പേരു കമല.

കറുത്തുമെലിഞ്ഞ ഒരു സ്ത്രീ. കഷ്ടിച്ച് അഞ്ചടി പൊക്കം. കൂടെ മകളുമുണ്ട്. ഇരുപതിനോടടുത്തു പ്രായം തോന്നിക്കുന്ന ഒരു ചെറുപ്പക്കാരി.

ഡോ. ജോണി പറഞ്ഞ വിവരങ്ങൾ കുറെക്കൂടി വിശദമായി കമലയും മകളും എന്നെ പറഞ്ഞുകേൾപ്പിച്ചു. അവസാനം മകൾ കൂട്ടിച്ചേർത്തു:

"ഇന്നലെ മുതൽ അമ്മയ്ക്ക് കൂടുതൽ ക്ഷീണമുണ്ട്. വിശപ്പു കുറവാണ്. ഭക്ഷണത്തോടു മടുപ്പ്. കൂടാതെ, നേരിയ പനിയും."

മകളുടെ ശബ്ദത്തിൽ അല്പം ആകുലതയും അസ്വസ്ഥതയുമുണ്ടെന്നെനിക്കു മനസ്സിലായി.

ഞാൻ കമലയെ പരിശോധിച്ചു. ഡോ. ജോണി പറഞ്ഞതുപോലെ താഴത്തെ അണപ്പല്ലെടുത്ത ഭാഗത്തുനിന്ന് അരയിഞ്ചു വലുപ്പത്തിൽ ഗോളാകൃതിയിലുള്ള വളർച്ച. അതുമൂലം പൂർണമായി വായ അടയ്ക്കാൻ ബുദ്ധിമുട്ടുണ്ട്. അതായിരിക്കണം ഭക്ഷണം ചവയ്ക്കാനുള്ള വിഷമം. മുഴയിൽ സ്പർശിച്ചപ്പോൾ വേദനയില്ല. എന്നാൽ, അല്പം രക്തം പൊടിഞ്ഞു. ദേഹത്തു തൊട്ടുനോക്കിയപ്പോൾ നല്ല പനി.

കഴിച്ച ഏതെങ്കിലും മരുന്നിന്റെ റിയാക്ഷൻ ആണെന്നായിരുന്നു എനിക്ക് തോന്നിയ ആദ്യത്തെ സംശയം. കൂടാതെ, അണുബാധയ്ക്കും സാധ്യതയുണ്ട്. പക്ഷേ, മോണയിലെ വളർച്ചയ്ക്കു കാരണം ഇതൊന്നുമല്ലെന്നെനിക്കു ബോധ്യമായി.

താമസിയാതെ അവരെ രക്തപരിശോധനയ്ക്കും എക്സ്റേയ്ക്കുമായി അയച്ചു.

* * *

എക്സ്റേയിൽ താടിയുടെ അസ്ഥിയിൽ കാര്യമായ മാറ്റമൊന്നുമില്ല. എടുത്തുകളഞ്ഞ പല്ലിന്റെ ബാക്കിയൊന്നും ഇരിപ്പില്ല. പക്ഷേ, രക്തപരിശോധനാഫലം ഞാൻ വിചാരിച്ചതിൽനിന്നു വളരെ വിഭിന്നം. അതെന്നെ അദ്ഭുതപ്പെടുത്തി.

വെളുത്ത അണുക്കളുടെ എണ്ണം(ഡബ്ല്യു ബിസി) ക്രമാതീതമായി വർധിച്ചിരുന്നു. ഇ.എസ്. ആറും വളരെ കൂടിയിട്ടുണ്ട്. ഹീമോഗ്ലോബിൻ (എച്ച്.ബി.) വളരെ കുറഞ്ഞിരിക്കുന്നു. ഇവയും രക്തത്തിന്റെ ഫലവുംകൂടി കണ്ടപ്പോൾ ലുക്കീമിയ(ബ്ലഡ് കാൻസർ) ആണോ എന്ന സംശയം എനിക്കുണ്ടായി.

റിപ്പോർട്ടു നോക്കുന്ന സമയം മുഴുവൻ എന്റെ മുഖത്തേക്കു മകൾ കണ്ണിമയ്ക്കാതെ നോക്കുന്നുണ്ടായിരുന്നു. അമ്മയെ മാറ്റി നിറുത്തിക്കൊണ്ട് മകൾ എന്നോടു ചോദിച്ചു:

"സത്യം പറയൂ ഡോക്ടർ, എന്റെ അമ്മയ്ക്കു കുഴപ്പം വല്ലതുമുണ്ടോ? സീരിയസായ അസുഖം വല്ലതുമാണോ? സ്കൂൾ തുറക്കുന്ന സമയമായതുകൊണ്ട് വളരെയധികം തയ്യൽജോലികളുണ്ട് അമ്മയ്ക്ക്. അച്ഛൻ രണ്ടു വർഷം മുമ്പു മരിച്ചതിൽപ്പിന്നെ അമ്മയുടെ തയ്യലാണ് ഞങ്ങളുടെ ഏകവരുമാനം. വായിലെ മുഴ ഓപ്പറേഷൻ ചെയ്തു നീക്കിയാൽ അസുഖം പൂർണമായി മാറുമായിരിക്കും, അല്ലേ ഡോക്ടർ."

– അവർക്ക് എന്നിൽ നല്ല പ്രതീക്ഷയുണ്ടെന്നു മനസ്സിലായി. മകളുടെ ചോദ്യത്തിന് എന്തു മറുപടി പറയണമെന്നു ഞാൻ ആലോചിച്ചു. അസുഖം നിസ്സാരമാണെന്നു നുണപറയുന്നതു ശരിയല്ല. രോഗനിർണയം പൂർണമാകാത്തതുകൊണ്ട് അവരെ ഭയപ്പെടുത്താനും വയ്യ. അവസാനം ഞാൻ പറഞ്ഞു:

"ചില പരിശോധനകൾകൂടി വേണ്ടിവരും. മെഡിക്കൽ കോളജിലേക്ക് ഒരു കത്തു തരാം. എന്താ അങ്ങനെ ചെയ്യട്ടെ?"

പെട്ടെന്നുതന്നെ ഞാൻ കത്തു തയ്യാറാക്കി അവരെ ഏല്പിച്ചിട്ടു പറഞ്ഞു:

"അസുഖത്തിന്റെ വിവരങ്ങൾ ഞാൻ വിശദമായി എഴുതിയിട്ടുണ്ട്. അവിടെ ചെന്നതിനുശേഷം ചികിത്സയുടെ വിവരങ്ങൾ എന്നെ മറക്കാതെ അറിയിക്കണം."

അമ്മയും മകളും തലകുലുക്കി.

നടന്ന സംഭവങ്ങളും, പരിശോധനയുടെ ഫലവും, രോഗിയെ മെഡിക്കൽ കോളജിലേക്കു റഫർ ചെയ്ത കാര്യവും ഞാൻ അപ്പോൾത്തന്നെ ഡോ. ജോണിയെ ഫോൺ ചെയ്തറിയിച്ചു.

കുറെ ദിവസത്തേക്ക് കമലയെക്കുറിച്ച് ഒരു വിവരവും എനിക്കു ലഭിച്ചില്ല. ഒഴാഴ്ചകഴിഞ്ഞ് ഡോ. ജോണിയുടെ ഫോൺ വന്നു. കമലയുടെ മകൾ കാണാൻ വന്നിരുന്നെന്നും ലുക്കീമിയ ആണെന്നു സ്ഥിരീകരിച്ചെന്നും ജോണി പറഞ്ഞു.

തിരുവനന്തപുരം ആർസിസി (റീജണൽ കാൻസർ സെന്റർ)യിലേക്കു കൊണ്ടുപോയതായും ജോണി അറിയിച്ചു.

"കീമോ തെറാപ്പി ആരംഭിച്ചു കാണും അല്ലേ?" ഞാൻ ചോദിച്ചു.

"അതേ. ഇപ്പോഴത്തെ അവസ്ഥ അത്ര തൃപ്തികരമല്ല എന്നാണ് മകൾ പറഞ്ഞത്. മൂന്നു കുപ്പി രക്തം കൊടുത്തു. ആദ്യമൊക്കെ ക്ഷീണം അല്പം കുറവായിരുന്നു. ഇപ്പോൾ കൂടിക്കൂടി വരികയാണ്. അസുഖം ഭേദമാകുന്നതിനെക്കുറിച്ച് ഡോക്ടർ ഇതുവരെ ഒന്നും പറഞ്ഞിട്ടില്ല."

"അക്യൂട്ട് ലൂക്കീമിയ ആയിരിക്കും"

"അതേ. ഞാൻ ഇപ്പോൾ സാറിനെ വിളിച്ചത് വേറൊരു കാര്യം കൂടി പറയാനാണ്. മകൾ ഇന്നലെ എന്നെ കാണാൻ വന്നപ്പോൾ ഒരു ചോദ്യം എന്നോടു ചോദിച്ചു. പല്ലെടുത്തതുകൊണ്ടാണോ ബ്ലഡ് കാൻസർ ഉണ്ടായതെന്ന്. ആരൊക്കെയോ മകളോട് അങ്ങനെ പറഞ്ഞിരുന്നു."

ജോണിയുടെ സ്വരത്തിൽനിന്ന് അദ്ദേഹത്തിന് അല്പം ആശങ്കയുണ്ടെന്ന് എനിക്കുതോന്നി. ജോണി പ്രാക്ടീസ് ആരംഭിച്ചിട്ട് അധികം നാളായിട്ടില്ല. ഈയൊരു സംഭവം മതി ദുഷ്പേരുണ്ടാകാൻ. അദ്ദേഹത്തെ സമാധാനിപ്പിക്കാൻവേണ്ടി ഞാൻ പറഞ്ഞു:

"സാധാരണ മനുഷ്യരുടെ ഒരു സംശയമാണെന്നു കരുതിയാൽ മതി. ജോണി വിഷമിക്കേണ്ട. കമലയെ ചികിത്സിക്കുന്ന ഒരു ഡോക്ടറും അങ്ങനെ പറയില്ലെന്ന് എനിക്കു തീർച്ചയാണ്. ജോണി പറയുന്നത് അവർക്കു വിശ്വസിക്കാൻ സാധിക്കുന്നില്ലെങ്കിൽ എന്റെ അടുത്തേക്കു പറഞ്ഞുവിട്ടോളൂ. ഞാൻ അവരെ പറഞ്ഞു ബോധ്യപ്പെടുത്താം."

പിന്നീടുള്ള ദിവസങ്ങളിൽ കമലയെക്കുറിച്ച് ഞാൻ പലപ്പോഴായി ഓർത്തിരുന്നു. ധാരാളം ചോദ്യങ്ങളും മനസ്സിൽ ഉയർന്നുവന്നു. സ്കൂൾവർഷം ആരംഭിക്കുന്ന സമയമായതുകൊണ്ട് അവർ വാക്കുകൊടുത്തിരുന്ന യൂണിഫോം തയ്യലുകൾ ആര് ഇനി പൂർത്തീകരിക്കും? തയ്യൽക്കടയിൽനിന്നുള്ള ഏകവരുമാനം നഷ്ടപ്പെട്ടാൽ ആ കുടുംബം എങ്ങനെ കഴിയും? ചികിത്സയ്ക്കുവേണ്ടിയുള്ള ഭീമമായ തുക എങ്ങനെ സമാഹരിക്കും?

ഡോ. ജോണിയുടെഫോൺ പിന്നീടെനിക്കു ലഭിച്ചില്ല.

***

ഒരു മാസം കഴിഞ്ഞ് ഡോ. ജോണിയെ ഞാൻ നേരിൽ കണ്ടു. കമലയുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് എനിക്കു നല്ല ആകാംക്ഷയുണ്ടായിരുന്നു.


എന്നെ കണ്ട ജോണി ഓടി വന്നു.

"കമലയ്ക്ക് എങ്ങനെയുണ്ട്?" ഞാൻ ചോദിച്ചു.

"സാർ, നാലു ദിവസംമുമ്പ് തിരുവനന്തപുരത്തുവച്ചു കമല മരിച്ചു. ഇന്നലെ മകൾ എന്നെ കാണാൻ വന്നിരുന്നു. ആൾ വളരെ ദുഃഖിതയായിരുന്നു. അമ്മാവനും കൂടെയുണ്ടായിരുന്നു. ബന്ധുക്കളും നാട്ടുകാരും പണം നല്കി സഹായിച്ചതിനാൽ ചികിത്സച്ചെലവെല്ലാം നടന്നു. ഭാഗ്യത്തിന് എന്റെ ചികിത്സയെ കുറ്റപ്പെടുത്തിക്കൊണ്ട് അവർ ഒന്നും സംസാരിച്ചില്ല. സാർ അന്നെനിക്കു നല്കിയ എല്ലാ ധാർമികപിന്തുണയ്ക്കും സഹായങ്ങൾക്കും വളരെ നന്ദി." ഡോ. ജോണി ഒന്നു നിറുത്തി വീണ്ടും തുടർന്നു:

"സാറിനറിയാമല്ലോ, ഞാൻ പ്രാക്ടീസ് ആരംഭിച്ചിട്ട് അധികം നാളായിട്ടില്ല. പല്ലെടുത്തിട്ടു കാൻസർ ഉണ്ടായി എന്ന ദുഷ്പേര് പെട്ടെന്നു പ്രചരിക്കും. ഭാഗ്യത്തിന് വീട്ടുകാരെ ബോധ്യപ്പെടുത്താൻ എനിക്കു സാധിച്ചു. അതിനാൽ, എന്റെ സൽപ്പേരിനെ ബാധിക്കില്ലെന്നു പ്രതീക്ഷിക്കാം. സാർ നമുക്കു വീണ്ടും കാണാം. താങ്ക് യു വൺസ് എഗൈൻ."

അദ്ദേഹം നടന്നകലുന്നതു നോക്കിനിന്ന എന്റെ മനസ്സിൽ കമലയുടെ ക്ഷീണിച്ച മുഖം തെളിഞ്ഞുവന്നു, ഒപ്പം മകളുടെ ചോദ്യങ്ങളും. ■




*11-ാം പേജ് തുടർച്ച*

"ടാപ്പ് ചെയ്യാറായ റബറുകൾ വളരുന്ന ചെറിയ എസ്റ്റേറ്റുകൾ വില്പനയ്ക്കുണ്ട്. മർഫി സായ്വിന്റെ റബർക്കൃഷിവികസനത്തിന്റെ ഭാഗമാണ്. നിങ്ങളെപ്പോലുള്ളവർ അതു വാങ്ങണം. ഇനിയുള്ള കാലം റബ്ബറിന്റെയും തേയിലയുടെയും കാലമാണ്."

മിൽട്ടൺ സായ്വിന്റെ ഉപദേശം ഇയ്യോബിന്റെ മനസ്സിൽ തറച്ചു. അവർ ഏറെനേരം സംസാരിച്ചിരുന്നു. സായ്വ് ഇയ്യോബിൽ നല്ലൊരു പ്ലാന്ററെ കണ്ടു.

"ഇന്നിനി പോവണ്ട. ഇവടെ കൂടാം." സായ്വിന്റെ ക്ഷണം നിരസിക്കാൻ ഇയ്യോബിനു കഴിഞ്ഞില്ല.

അത്താഴമേശയിൽ സായ്വിന്റെ സഹധർമിണി എലിസാ മിൽട്ടൺ മദാമ്മയും ഉണ്ടായിരുന്നു. അത്താഴമേശ വിഭവങ്ങൾ കൊണ്ടു നിറഞ്ഞു. ഒപ്പം വൈനും ഹാർഡ് ലിക്കറും.

മദാമ്മ ഒരു വൈൻ കഴിച്ച് ഡിന്നറിലേക്കു കടന്നു. അവർ മടിയിലിരുന്ന ഓമനയായ വെള്ളപ്പൂച്ചയെ ഇടയ്ക്ക് താലോലിക്കുന്നുണ്ടായിരുന്നു. വറുത്ത ബീഫിന്റെ കഷണങ്ങൾ അത് ഒരു ചെറിയ പ്ലേറ്റിൽനിന്നും നക്കിയെടുത്തു. എലിസ മിൽട്ടൺ അതിന്റെ ശിരസ്സിൽ മെല്ലെ തടവി.

മുറിയിലെ അടുപ്പിൽ കൽക്കരിയുടെ കനലുകൾ എരിഞ്ഞ് പുറത്തെ തണുപ്പിനെ അകറ്റി. മിൽട്ടൺ സായ്വ് വിസ്കിയുടെ ഗ്ലാസ് ഉയർത്തി ഉപചാരം പറഞ്ഞ് ഇയ്യോബിന്റെ ഗ്ലാസിൽ തൊടുവിച്ചു. മദാമ്മ ഡിന്നർ പൂർത്തിയാക്കി എണീറ്റപ്പോഴും സായ്വ് ഒന്നും കഴിച്ചിരുന്നില്ല. പരിചാരകൻ ഉപചാരപൂർവം അയാളുടെ ഗ്ലാസ് വീണ്ടും വീണ്ടും നിറച്ചുകൊടുത്തു.

"മിസ്റ്റർ ഇയ്യോബ്, ഞാനൊരു മീഡിയേറ്ററായിനിന്ന് നിങ്ങൾക്ക് നൂറ് ഏക്കറിന്റെ ഒരു റബ്ബർ എസ്റ്റേറ്റ് മർഫിസായ്വിൽനിന്നും വാങ്ങിത്തരും. നിങ്ങൾ നല്ലൊരു പ്ലാന്ററാവണം."

സായ്വിന്റെ ബോധം നഷ്ടപ്പെട്ടിരുന്നില്ല. ഒരു ഘട്ടത്തിൽ ഇയ്യോബ് സമ്മതം മൂളി. അതിന്റെ വില എന്തെന്നോ അതിനുള്ള പണം തന്റെ കൈവശമുണ്ടെന്നോ അയാൾ ഓർത്തില്ല.

ഗസ്റ്റ് റൂമിൽ കിടക്കയിലേക്കു ചെരിയുമ്പോൾ ഇയ്യോബ് നിശ്ചയിച്ചുറപ്പിച്ചു:

മിൽട്ടൺ സായ്വ് പറയുന്ന നൂറ് ഏക്കർ എസ്റ്റേറ്റ് വാങ്ങണം. അപ്പോൾ പൈലോയുടെ വക്കീൽ നോട്ടീസ് അയാളെ അശാന്തനാക്കിയില്ല.

(തുടരും)

Deepanalam Weekly
RNI No : 16998/68
Vol. 56 No. 27 Date of Publication 7 Sept 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

34 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259
HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A. - All subjects (M.G. University)
B.Com - Finance and Taxation, Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes


60 Years Trust
KTS PRODUCTS
SINCE 1995
Tastit
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2015 CERTIFIED COMPANY
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!

മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028
സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com
- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
(ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

YOUR PERFECT RIDING PARTNER
DJ CYCLES
പാലാ – പൊൻകുന്നം റോഡ്
മുരിക്കുംപുഴ – പാലാ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org